# പുരാതന അതിരുകൾ



ആശിഷ് റായ്ച്ചൂർ

**സൗജന്യ വിതരണത്തിന് മാത്രം**
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2024

**ബന്ധപ്പെടുവാനുള്ള വിവരങ്ങൾ**
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ:+91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

**സാമ്പത്തിക പങ്കാളിത്തം**
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗുണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

**സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും**
**പ്രഭാഷണങ്ങൾ:** apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
**ചർച്ച് ആപ്:** apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
**ഇ-ലേണിംഗ്:** apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
**സംഗീതം:** apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org |
**എപിസി വേൾഡ് മിഷനുകൾ:** apcworldmissions.org

(Malayalam—Ancient Landmarks)

# പുരാതന അതിരുകൾ

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: "നിങ്ങൾ വഴികളിൽ ചെന്നു നല്ല വഴി ഏതെന്നു പഴയ പാതകളെ നോക്കി ചോദിച്ചു അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന്നു വിശ്രാമം ലഭിക്കും."

യിരെമ്യാവ് 6:16

# ഉള്ളടക്കം


1. നമുക്ക് ചുറ്റുമുള്ള ലോകം മാറുകയാണ് 1

2. ക്രൈസ്തവലോകത്തിൽ വീശുന്ന മാറ്റത്തിന്റെ കാറ്റ് 5

3. എന്താണ് പുരാതന അതിരുകൾ? 8

4. നമ്മുടെ പുരാതന അതിരുകൾ 14

5. തൊഴിലിടങ്ങൾക്കായുള്ള പുരാതന അതിരുകൾ 22

6. സമർപ്പണത്തിനായുള്ള ആഹ്വാനം 32

# 1

# നമുക്ക് ചുറ്റുമുള്ള ലോകം മാറുകയാണ്

"പുരാതന അതിരുകൾ" എന്നത് കുറച്ചുകാലമായി എന്റെ ഹൃദയത്തിൽ കൊണ്ടുനടന്ന ഒരു സന്ദേശമാണ്, ഈ പുസ്തകത്തിലൂടെ അത് ഞാനിപ്പോൾ നിങ്ങളുമായി പങ്കുവയ്ക്കുന്നു. ഈ സന്ദേശം എന്റെ അവസാന സന്ദേശങ്ങളിൽ ഞാൻ പ്രസംഗിക്കാൻ കരുതി വച്ച ഒന്ന് പോലെയാണ്, ഒരു ബാറ്റൺ ഒരു തലമുറയിൽ നിന്ന് ഓട്ടം തുടരുന്ന മറ്റൊരു തലമുറയിലേക്ക് കൈമാറുന്നതുപോലെയുള്ള നേരത്ത് കരുതിവച്ചത്. ഇത് പ്രാഥമികമായി ബാംഗ്ലൂർ പോലെയുള്ള ഒരു മെട്രോ നഗരത്തിലെ സഭയെ സംബോധന ചെയ്യുന്ന സന്ദേശമാണ്. ചിലപ്പോൾ ഇന്ത്യയിലെ ചെറിയ പട്ടണങ്ങളിലോ ഗ്രാമങ്ങളിലോ ഉള്ള വായനക്കാർക്ക് ഇത് പെട്ടെന്ന് പ്രസക്തം ആകണം എന്നില്ല.

## നാം ജീവിക്കുന്ന രീതിയിൽ വന്ന മാറ്റങ്ങൾ

ഒരു താരതമ്യം, നാം മുതിർന്നവരും മില്ലേനിയൽ തലമുറക്കാരുമായി (1984 നും 2001 നും ഇടയിൽ ജനിച്ചവർ) ചെയ്യുകയാണെങ്കിൽ, ഇരുവരും വളർന്നു വന്ന ലോകത്തിലെ വ്യത്യാസങ്ങൾ ഒരു പട്ടിക ആക്കാനാകും.

- ഞങ്ങൾക്ക് ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ടിവിയും ഒരു ചാനലും ഉണ്ടായിരുന്നു—ദൂരദർശൻ. പോഗോ, എൻബിസി, എംടിവി, സ്റ്റാർ വേൾഡ് മുതലായവക്കൊപ്പമാണ് മില്ലേനിയലുകൾ വളർന്നത്. മാധ്യമങ്ങളുടെ ലോകം മാറുകയാണ്. മില്ലേനിയലുകൾ അവയോടൊപ്പം വളരുന്നു.
- ഗ്രാമഫോണുകളും ടേപ്റെക്കോർഡറുകളും ഉപയോഗിച്ചാണ് ഞങ്ങൾ വളർന്നത്. ഡിവിഡികളും MP4 പ്ലെയറുകളും ഐപോഡുകളും ഉപയോഗിച്ചാണ് അവർ വളരുന്നത്. അവരിൽ ഭൂരിഭാഗവും ഒരു ടേപ്റെക്കോർഡർ കണ്ടിട്ടുണ്ടാകില്ല.
- അംബാസഡറുകൾ, പ്രീമിയർ പദ്മിനി, മാരുതി, ടാറ്റ, ബിർള

തുടങ്ങിയവയ്ക്കൊപ്പമാണ് ഞങ്ങൾ വളർന്നത്. ഹോണ്ടാ, ടൊയോട്ട, ബിഎംഡബ്ല്യു, മൈക്രോസോഫ്റ്റ്, ഐബിഎം, ഗൂഗിൾ, തുടങ്ങിയവയ്ക്കൊപ്പം അവരും.

- ഞങ്ങൾ തംബ്സ് അപ്പ്, ബജൽ, ഫാന്റ എന്നിവയോടൊപ്പം വളർന്നു. അവർ കോക്ക്, ഡയറ്റ് കോക്ക്, പെപ്സി എന്നിവയോടൊപ്പവും.
- ഞങ്ങൾ ലോക്കൽ "ഊണ് തയ്യാർ" കാമത്ത് റെസ്റ്റോറന്റിൽ നിന്ന് കാപ്പി കുടിച്ചെങ്കിൽ അവർ കഫേ കോഫി ഡേയിൽ കാപ്പി കുടിക്കുന്നു.
- വീട്ടിൽ ഒരു ഡയൽ ഫോൺ ഉണ്ടെങ്കിൽ അത് വലിയ കാര്യമായിരുന്നു. അയൽക്കാർ ചിലപ്പോൾ ഫോൺ വിളിക്കാൻ ഞങ്ങളുടെ അടുക്കൽ വന്നിരുന്നു. ലാപ് ടോപ്പുകൾ, എസ്എംഎസ് മുതലായവ ഉപയോഗിച്ച് അവർ വളരുന്നു. അവരിൽ ഭൂരിഭാഗവും ഒരിക്കലും ഒരു ഫോൺ ഡയൽ ചെയ്തിട്ടില്ല, ഒരിക്കലും ചെയ്യാനിടയുമില്ല!
- കോളേജ് എത്തുന്നത് വരെ ഞാൻ ഒരിക്കലും കമ്പ്യൂട്ടറിൽ ഉപയോഗിച്ചിട്ടില്ല, എന്റെ ഇരുപതുകളിൽ വളരെ ബുദ്ധിമുട്ടിയാണ് എന്റെ ആദ്യത്തെ പവ്വർ പോയിന്റ് അവതരിപ്പിച്ചത്. എന്റെ മകൻ ജോഷ്വ, 10 വയസ്സുള്ളപ്പോൾ പവ്വർ പോയിന്റിൽ ആനിമേറ്റഡ് അവതരണങ്ങൾ നടത്തി, MP4 പ്ലെയറിലേക്ക് സംഗീതം ഡൗൺലോഡ് ചെയ്തു, ഗൂഗിളിൽ തിരഞ്ഞു, വിക്കിപീഡിയയിൽ ഗവേഷണം നടത്തി. റൂത്ത്, അന്ന് ഏഴ് വയസ്സുള്ള എന്റെ മകൾ, അവളുടെ സഹോദരനിൽ നിന്ന് പഠിക്കുന്നതിൽ ഒട്ടും പിന്നിലായിരുന്നില്ല!
- ഞങ്ങൾ കളിക്കുമ്പോൾ, ഞങ്ങളുടെ തെരുവിലെ കുട്ടികളായിരുന്നു ഞങ്ങളുടെ സുഹൃത്തുക്കൾ. തൽക്ഷണ സന്ദേശമയയ്ക്കൽ, ബ്ലോഗുകൾ, ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, ട്വിറ്റർ, മറ്റ് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ പോലുള്ള ഓൺലൈൻ കമ്മ്യൂണിറ്റികൾ എന്നിവയാൽ ബന്ധിപ്പിച്ചിട്ടുള്ള ഒരു ആഗോള കമ്മ്യൂണിറ്റിയിലാണ് ഇന്നത്തെ കൗമാരക്കാർ ജീവിക്കുന്നത്. അവർക്ക് ലോകമെമ്പാടുമുള്ള സുഹൃത്തുക്കളുമായി ഗെയിമുകൾ കളിക്കാനോ ചാറ്റ് ചെയ്യാനോ കഴിയും!

നമ്മുടെ കൗമാരക്കാരും കുട്ടികളും വളരുന്ന ലോകം—നാം ഇപ്പോൾ ഉള്ള ലോകം—നാം വളർന്ന ലോകത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ്. കൗമാരക്കാരും കുട്ടികളും സ്വദേശികളാണ്—അവർ ഈ പുതിയ ലോകത്ത് വളർന്നു അല്ലെങ്കിൽ വളരുന്നു! ഈ പുതിയ ലോകത്തിൽ നമ്മൾ കുടിയേറ്റക്കാരാണ്.

## നമ്മുടെ നഗരത്തിൽ വന്ന മാറ്റങ്ങൾ

***കൂലി***

നേരത്തെ, അഞ്ചര വർഷത്തെ തീവ്രമായ പഠനത്തിനും ഒരുപക്ഷേ കുറച്ച് വർഷത്തെ സ്‌പെഷ്യലൈസേഷനും ശേഷം, ഒരു ഡോക്ടർക്ക് തുടക്ക ശമ്പളം 3,000 രൂപയായിരുന്നു. ഇപ്പോൾ, കോളെജ് പഠനം പൂർത്തിയാക്കാത്ത കോൾ സെന്ററിൽ ജോലി ചെയ്യുന്ന ഒരാൾക്ക് 15,000 രൂപയ്ക്ക് അടുത്ത് സമ്പാദിക്കുന്നു!

***സൂപ്പർമാർക്കറ്റുകൾ മുതൽ ഷോപ്പിംഗ് മാളുകൾ വരെ***

ഞങ്ങൾ വളർന്നുവരുമ്പോൾ, ഞങ്ങൾ സാധാരണയായി ഞങ്ങളുടെ ഷോപ്പിംഗ് നടത്തിയത് പ്രാദേശിക സൂപ്പർമാർക്കറ്റിലോ ഷോപ്പിംഗ് കോംപ്ലക്സുകളിലോ ആണ്. എയർ കണ്ടീഷനിംഗ്, എലിവേറ്ററുകൾ, എസ്കലേറ്ററുകൾ എന്നിവയുണ്ടായിരുന്നില്ല. ഇന്ന്, നമ്മുടെ നഗരത്തിൽ എയർകണ്ടീഷൻ ചെയ്ത ബഹുനില ഷോപ്പിംഗ് മാളുകൾ ഉണ്ട്, അന്താരാഷ്ട്ര ബ്രാൻഡുകൾ എളുപ്പത്തിൽ ലഭ്യമാണ്.

ഇവ കൂടാതെ, ജീവിതശൈലിയിലും ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിലും മറ്റും നിരവധി മാറ്റങ്ങൾ നാം കാണുന്നു.

## ലോകവീക്ഷണത്തിൽ വന്ന മാറ്റങ്ങൾ: ആധുനികതയും ഉത്തരാധുനികതയും

സാമൂഹ്യശാസ്ത്രജ്ഞന്മാർ ഇപ്രകാരം പറയുന്നു കഴിഞ്ഞ 40 വർഷങ്ങളിലോ, സമീപ ദശകങ്ങളിലോ, ആഗോളതലത്തിൽ സംസാകാരികവും ലോകത്തിന്റെ വീക്ഷണവും പതുക്കെ "ആധുനിക" ചിന്തയിൽ നിന്ന് "ഉത്തരാധുനിക" ചിന്തയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. നമ്മളിൽ ഭൂരിഭാഗവും ആധുനിക ലോകത്താണ് വളർന്നത്. നമ്മുടെ കൗമാരക്കാരും കുട്ടികളും "ഉത്തരാധുനിക" ലോകവീക്ഷണത്തിൽ വളരുന്നു.

### *ആധുനികത*

ജ്ഞാനോദയത്തോടെയാണ് ആധുനികത ആരംഭിച്ചത്. ശാസ്ത്രീയ രീതിയായിരുന്നു മാനദണ്ഡം. ശാസ്ത്രത്തിലൂടെയും ബൗദ്ധിക സമഗ്രതയിലൂടെയും ലോകപ്രശ്നങ്ങൾ പരിഹരിക്കാമെന്ന് മനസിലാക്കിയിരുന്നു. സത്യം വസ്തുനിഷ്ഠമായിരുന്നു. സത്യം സ്വയം പ്രകടമായിരുന്നു. കാര്യങ്ങൾ കറുപ്പും വെളുപ്പും ആയിരുന്നു. ആധുനികതയുടെ പോരായ്മ വ്യക്തിവാദവും സ്വയം കേന്ദ്രീകൃതവുമായിരുന്നു എന്നതാണ്.

### *ഉത്തരാധുനികത*

യുക്തിയല്ല, താരതമ്യങ്ങളാണ് മാനദണ്ഡം. *"വസ്തുതകളില്ല, വ്യാഖ്യാനങ്ങൾ മാത്രം"*—ഫ്രെഡറിക് നീച്ച. ധാർമ്മികത ഒരു താരതമ്യം ആയി മാറിയിരിക്കുന്നു. നിങ്ങൾ ജീവിക്കാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ സ്വന്തം ധാർമ്മിക നിലവാരങ്ങൾ നിങ്ങൾ ഉണ്ടാക്കുന്നു. നിങ്ങൾക്ക് പ്രകടിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട്, നിങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് ആർക്കും പറയാൻ കഴിയില്ല. പ്രയോഗസിദ്ധമായ തെളിവുകളുടെയും വസ്തുനിഷ്ഠമായ സത്യത്തിന്റെയും ശക്തിയെ വ്യക്തിപരമായ അനുഭവം മറികടക്കുന്നു. സത്യം വിട്ടുവീഴ്ച ചെയ്യപ്പെടുമ്പോഴും സഹിഷ്ണുതയാണ് വഴി. ദൈവം ആരായിരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അവനാണ് ദൈവം.

നമ്മുടെ കൗമാരക്കാരും കുട്ടികളും വെല്ലുവിളി നിറഞ്ഞ ലോകത്താണ് വളരുന്നത്. വിശ്വാസങ്ങൾ, മൂല്യങ്ങൾ, ജീവിതരീതികൾ തുടങ്ങിയ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾക്ക് പോലും തിരഞ്ഞെടുക്കാൻ നിരവധി സാഹചര്യങ്ങൾ അവർക്കു മുൻപിലുണ്ട്.

# 2

# ക്രൈസ്തവലോകത്തിൽ വീശുന്ന മാറ്റത്തിന്റെ കാറ്റ്

## നാം സഭ നടത്തുന്ന രീതിയിലുള്ള മാറ്റങ്ങൾ

ക്രൈസ്തവലോകത്തിൽ പല മാറ്റങ്ങളും നാം കണ്ടിട്ടുണ്ട്. ഉദാഹരണത്തിന്, വർണാഭമായ ജനാലകൾ, ഗോപുരാകൃതിയുള്ള കെട്ടിടങ്ങൾ എന്നിവയിൽ നടന്നിരുന്ന സഭാരാധനയിൽ നിന്ന് നാം എയർ കണ്ടീഷൻഡ് ഓഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്ററുകൾ മുതലായവയിലേക്ക് മാറിയിട്ടുണ്ട്. നമ്മൾ പാടുന്ന പാട്ടുകളിൽ, കീർത്തനങ്ങളിൽ നിന്നും കോറസുകളിലേക്കും അവിടെ നിന്ന് സ്തുതിയുടെയും ആരാധനയുടെയും നവീന ആലാപനത്തിലേക്കും നാം മാറിയിരിക്കുന്നു. പാട്ടു പുസ്തകങ്ങളിൽ നിന്ന് കോറസ് ഷീറ്റുകൾ, ഓവർഹെഡ് പ്രൊജക്ടറുകൾ, വലിയ സ്ക്രീനുകളിൽ എൽസിഡി പ്രൊജക്ടറുകൾ, എൽസിഡി ഭിത്തികൾ എന്നിങ്ങനെ നമ്മൾ മാറിയിരിക്കുന്നു. ആരാധനയിലെ അവതരണങ്ങൾ ഇപ്പോൾ നാടകങ്ങൾ / സ്കിറ്റുകൾ / സംഗീതങ്ങൾ എന്നിവയിൽ നിന്ന് വീഡിയോകളിലേക്കും ഹ്രസ്വചിത്രങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു.

## പ്രസംഗിക്കുന്ന സന്ദേശങ്ങളിൽ വന്ന മാറ്റങ്ങൾ

പോസിറ്റീവ് ആയ കാര്യം, ദൈവവചനം മനസിലാക്കുന്നതിലുള്ള വർദ്ധനവ് നാം കാണുന്നു എന്നതാണ്. മാർട്ടിൻ ലൂഥറിനൊപ്പം 1400-കളിലെ നവീകരണത്തിൽ നിന്ന് ആരംഭിച്ച്, നമ്മൾ ഒരുപാട് മുന്നോട്ട് വന്നിരിക്കുന്നു പ്രത്യേകിച്ച് കഴിഞ്ഞ 50 വർഷങ്ങളിൽ. ദൈവവചനം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രസക്തമായി. എന്നിട്ടും ലോകമെമ്പാടുമുള്ള പ്രസംഗപീഠങ്ങളിൽ അപകടകരമായ കാര്യങ്ങൾ സംഭവിക്കുന്നു. വലിയ ജനക്കൂട്ടത്തെ ആകർഷിക്കാനും നിലനിർത്താനുമുള്ള ശ്രമത്തിൽ പാസ്റ്റർമാരും പ്രസംഗകരും, വിട്ടുവീഴ്ചയില്ലാത്ത ദൈവവചനം പ്രസംഗിക്കുന്നതിൽ നിന്ന് ഉത്തരാധുനിക തത്വചിന്ത, സന്തോഷജനകമായ സന്ദേശങ്ങൾ,

മോട്ടിവേഷൻ പ്രസംഗങ്ങൾ എന്നിവയിലേക്ക് മാറിയിരിക്കുന്നു, അവ ഞായറാഴ്ച രാവിലെയുള്ള വിഭ്രാന്തി നിറഞ്ഞ ജല്പനങ്ങൾ അല്ലാതെ മറ്റൊന്നുമല്ല. അത്തരം പ്രസംഗപീഠങ്ങളിലെ വചനം ഇരുതല മൂർച്ചയുള്ള വാളോ (എബ്രായർ 4:12) ചുറ്റികയോ തീയോ (യിരെമ്യാവ് 23:29) അല്ല, മറിച്ച് ആത്മാവിന് ആശ്വാസം നൽകുന്ന ഒരു മസാജും കിടക്കാൻ സുഖപ്രദമായ ഒരു സോഫയുമാണ്! പാപത്തെ കുറിച്ച് ബോധ്യപെടുത്താനോ ആളുകളെ മാനസാന്തരത്തിലേക്കു നയിക്കാനോ തയ്യാറാകുന്നില്ല. അവർക്ക് സ്വർഗത്തിന്റെയോ നരകത്തിന്റെയോ യാഥാർത്ഥ്യത്തെക്കുറിച്ച് സംസാരിക്കാൻ താൽപ്പര്യമില്ല! എണ്ണം കുറയുമെന്ന് കരുതി ഇത്തരത്തിലുള്ള സന്ദേശങ്ങൾ അവർ പ്രസംഗിക്കാറില്ല.

**സന്ദേശങ്ങൾ അവതരിപ്പിക്കുന്ന രീതിയിൽ വന്ന മാറ്റങ്ങൾ**

നാം ആയിരിക്കുന്ന വിജ്ഞാനയുഗത്തിൽ മില്ലേനിയൽ തലമുറയെയും പൊതുവെ മറ്റ് ആളുകളെയും രണ്ട് കാര്യങ്ങൾ കൊണ്ട് വിശേഷിപ്പിക്കാം.

- കേൾവിക്കാർ മാത്രം ആയിരിക്കാതെ മുഴു ഇന്ദ്രിയങ്ങളോടെ ഉൾക്കൊള്ളുവാൻ അവർ ആഗ്രഹിക്കുന്നു. അവർക്ക് ഒരു പ്രസംഗമല്ല വേണ്ടത്, മറിച്ച് രൂപാന്തരത്തിൽ കലാശിക്കുന്ന ഒരു അനുഭവമാണ്.
- വിരോധാഭാസമെന്നു പറയട്ടെ, അറിവ് കൂടുന്നുണ്ടെങ്കിലും ശ്രദ്ധാ ദൈർഘ്യം കുറഞ്ഞതായി നാം കാണുന്നു!

പോസിറ്റീവ് ആയ കാര്യം, എല്ലാ ഇന്ദ്രിയങ്ങളെയും ഉൾക്കൊള്ളുകയും രൂപാന്തരപ്പെടുത്തുന്ന ഒരു അനുഭവം സൃഷ്ടിക്കുകയും ചെയ്യുന്ന വിധത്തിൽ കാലാതീതമായ സത്യങ്ങൾ നൽകുന്ന സഭകളും പ്രസംഗകരും വർദ്ധിച്ചുവരുന്നതായി നാം കാണുന്നു. സാങ്കേതികവിദ്യയും സർഗ്ഗാത്മകതയും ഇതിൽ വലിയ പങ്ക് വഹിക്കുന്നു. ഇതെല്ലാം നല്ലതാണ്. എന്നിട്ടും, മറുവശത്ത്, സർഗാത്മകമായി കാര്യങ്ങൾ ചെയ്യുന്നതിലും അവതരിപ്പിക്കുന്നതിലേക്കും ശ്രദ്ധ വളരെയധികം മാറിയതായി തോന്നുന്നു, എന്നാൽ "പരിശുദ്ധാത്മശക്തി" യുടെ ചില പുരാതന അതിരുകളും അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും

വീര്യപ്രവർത്തികളുടെയും ദൈവം നിശ്ചയിച്ച സമീപനം-പ്രകൃത്യാതീത പ്രകടനം—നമുക്ക് നഷ്ടപ്പെട്ടു. ദേഹിയെ രസിപ്പിക്കുന്ന ശുശ്രൂഷകളിൽ നാം അവസാനിക്കുന്നു, അത് ആസ്വദിക്കാൻ ആയിരക്കണക്കിന് ആളുകൾ വരുന്നു, എന്നാൽ രൂപാന്തരപ്പെടുത്തുകയും സൗഖ്യമാക്കുകയും വിടുവിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ അത്ഭുത ശക്തിയെ. പ്രദർശിപ്പിക്കുന്നതിൽ നാം പരാജയപ്പെടുന്നു. അഭിഷിക്തരായ അപ്പോസ്തലന്മാർ, പ്രവാചകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ, സുവിശേഷകർ എന്നിവർക്ക് പകരം ഇവന്റ് മാനേജർമാർ, വിനോദക്കാർ, വാഗ്മികൾ, നാടകപ്രവർത്തകർ, അവതാരകർ എന്നിവരുടെ ആധിപത്യം നമ്മുടെ പ്രസംഗപീഠത്തിൽ ഉണ്ടാകാനുള്ള സാധ്യത നാം സൃഷ്ടിക്കുന്നു.

# 3
# എന്താണ് പുരാതന അതിരുകൾ?

**സദൃശവാക്യങ്ങൾ 22:28**
**നിന്റെ പിതാക്കന്മാർ ഇട്ടിരിക്കുന്ന പണ്ടത്തെ അതിർ നീ മാറ്ററുതു.**

**സദൃശവാക്യങ്ങൾ 23:10**
**പണ്ടേയുള്ള അതിർ നീക്കരുതു;**
**അനാഥന്മാരുടെ നിലം ആക്രമിക്കയുമരുതു.**

ജോൺ ഗില്ലിന്റെ ബൈബിൾ വ്യാഖ്യാനപ്രകാരം, "പുരാതന അതിരുകൾ" എന്നത് ഭൂമി, എസ്റ്റേറ്റുകൾ, ഭൂഅവകാശങ്ങൾ എന്നിവ അടയാളപ്പെടുത്തുകയും അതിരുകൾ നൽകുകയും വേർതിരിക്കുകയും ചെയ്തിരുന്ന "പുരാതന അതിർ" അല്ലെങ്കിൽ "അതിർത്തികൾ" പൂർവികർ അവരുടെ അയൽക്കാരുമായി കരാറിലൂടെ സ്ഥാപിച്ച പുരാതന അതിർത്തി അല്ലെങ്കിൽ അതിർവരമ്പുകളെയാണ് "പുരാതന അതിരുകൾ" എന്നത്കൊണ്ട് അർത്ഥമാക്കുന്നത്. അതിനെ നീക്കുന്നത് നിയമ വിരുദ്ധവും നീക്കുന്നവരുടെമേൽ ശാപത്തെ വിളിച്ചുവരുത്തുന്നതുമായി കണക്കാക്കിയിരുന്നു. അതിനെ നീക്കം ചെയുന്നത് പഴയ കാലത്തും വളരെ ഹീനമായ ഒരു കുറ്റകൃത്യമായി കരുതിയിരുന്നു. റോമക്കാർക് ഇത് വളരെ പവിത്രമായിരുന്നതുകൊണ്ട് അതിരിന്മേൽ അതിനെ നിയന്ത്രിക്കുന്ന ഒരു ദേവപ്രതിഷ്ഠ പോലും സ്ഥാപിച്ചിരുന്നു.

**ആവർത്തനപുസ്തകം 19:14**
**നിന്റെ ദൈവമായ യഹോവ നിനക്കു അവകാശമായി തരുന്ന ദേശത്തു നീ കൈവശമാക്കുവാനിരിക്കുന്ന നിന്റെ അവകാശത്തിൽ പൂർവ്വന്മാർ വെച്ചിരിക്കുന്നതായ കൂട്ടുകാരന്റെ അതിർ നീക്കരുതു.**

**ആവർത്തനപുസ്തകം 27:17**
**കൂട്ടുകാരന്റെ അതിർ നീക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം: ആമേൻ എന്നു പറയേണം.**

**ഹോശേയ 5:10**
**യെഹൂദാപ്രഭുക്കന്മാർ അതിർ മാറ്റുന്നവരെപ്പോലെ ആയിത്തീർന്നു; അതുകൊണ്ടു ഞാൻ എന്റെ ക്രോധം വെള്ളംപോലെ അവരുടെ മേൽ പകരും.**

പുരാതന അതിരുകൾ നീക്കുന്നതിൽ നേതാക്കൾ പലപ്പോഴും തെറ്റിപോയിട്ടുണ്ട്, അതുകൊണ്ട് അവർ ദൈവത്തിന്റെ ശിക്ഷാവിധി പ്രാപിക്കുകയും ചെയ്തു. "പുരാതന അതിരുകൾ" എന്ന പദവും തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളതും, അക്ഷരീകമായ സ്ഥലങ്ങളുടെ അതിരുകളെയാണ് ഉദ്ദേശിക്കുന്നത് എങ്കിലും, ഇത് ആത്മീയ കാര്യങ്ങളിലേക്ക് വിവർത്തനം ചെയ്യാനും ഈ പുസ്തകത്തിന്റെ പശ്ചാത്തലമായി ഉപയോഗിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

പുരാതന അതിരുകൾ എന്നാൽ എന്നിവയെ സൂചിപ്പിക്കാൻ മുൻ തലമുറകൾ സ്ഥാപിച്ച അതിരുകളാണ്.

- നടക്കാൻ സുരക്ഷിതമായ ഇടങ്ങളും നടക്കാൻ പാടില്ലാത്ത നിരോധിത സ്ഥലങ്ങളും.
- നിങ്ങളെ വഴിതെറ്റിച്ചു കൊണ്ട് പോകാൻ സാധ്യതയുള്ള നിരോധിത മേഖല.

മാറിക്കൊണ്ടിരിക്കുന്ന ലോകത്ത്, മാറ്റാൻ പാടില്ലാത്ത പുരാതന അതിരുകൾ ഉണ്ടെന്ന് നാം മറക്കരുത്. നാം മറികടക്കാൻ പാടില്ലാത്ത പവിത്രമായ അതിരുകൾ ഉണ്ട്. നാം നഷ്ടപ്പെടുത്താൻ പാടില്ലാത്ത ദൈവിക പാരമ്പര്യങ്ങളുണ്ട്.

**നാം നഷ്ടപെടുത്താൻ പാടില്ലാത്ത ദൈവിക പാരമ്പര്യങ്ങൾ**

ഉപയോഗശൂന്യവും തകർക്കപ്പെടേണ്ടതുമായ മനുഷ്യനിർമ്മിത പാരമ്പര്യങ്ങളുണ്ടെന്നത് ശരിയാണെങ്കിലും, ദൈവികവും ബൈബിളികവുമായ പാരമ്പര്യങ്ങൾ നിലനിർത്തേണ്ടതുണ്ട്. ഇവ കാലാതീതമാണ്.

***മാനുഷീക പാരമ്പര്യങ്ങൾ***

ദൈവത്തോടൊപ്പമുള്ള നമ്മുടെ നടപ്പിന് യാതൊരു പ്രയോജനവും വരുത്താത്ത മനുഷ്യനിർമിത പാരമ്പര്യങ്ങളെ തള്ളിക്കളയാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. മനുഷ്യനിർമിത പാരമ്പര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ദൈവവചനത്തെ അസാധുവാക്കുകയും വഞ്ചനയുടെയും അടിമത്തത്തിന്റെയും ഒരു സ്ഥലത്തേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു.

**മർക്കോസ് 7:13**
**ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവകല്പന ദുർബ്ബലമാക്കുന്നു; ഈ വക പലതും നിങ്ങൾ ചെയ്യുന്നു.**

**കൊലൊസ്സ്യർ 2:8**
**തത്വജ്ഞാനവും വെറും വഞ്ചനയുംകൊണ്ടു ആരും നിങ്ങളെ കവർന്നുകളായതിരിപ്പാൻ സൂക്ഷിപ്പിൻ; അതു മനുഷ്യരുടെ സമ്പ്രദായത്തിന്നു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യ പാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്നു ഒത്തവണ്ണമുള്ളതല്ല.**

## *ദൈവിക പാരമ്പര്യങ്ങൾ*

എന്നിരുന്നാലും, നാം നിലനിർത്തേണ്ട ദൈവിക പാരമ്പര്യങ്ങളുണ്ടെന്നും നാം മനസ്സിലാക്കണം.

**1 കൊരിന്ത്യർ 11:2**
**നിങ്ങൾ സകലത്തിലും എന്നെ ഓർക്കുകയും ഞാൻ നിങ്ങളെ ഏല്പിച്ച കല്പനകളെ പ്രമാണിക്കയും ചെയ്കയാൽ നിങ്ങളെ പുകഴ്ത്തുന്നു.**

**2 തെസ്സലൊനീക്യർ 2:15**
**ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറെച്ചുനിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ.**

**2 തെസ്സലൊനീക്യർ 3:6**
**സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു.**

## പ്രസക്തമായത്

കാത്ത് സൂക്ഷിക്കേണ്ട പുരാതന അതിരുകളും, മറികടക്കാൻ പാടില്ലാത്ത പവിത്രമായ അതിർത്തികളും, നഷ്ടപെടുത്തരുതാത്തതായ ദൈവീക പാരമ്പര്യങ്ങളും ഉണ്ടെന്ന് നാം മനസിലാക്കിയിരിക്കുമല്ലോ. തുടർന്ന് നാം എത്തുന്ന മറ്റൊരു പ്രധാന കാര്യം എന്നത്— പ്രസക്തമായത്.

## *മാറിക്കൊണ്ടിരിക്കുന്ന ഒരു സംസ്കാരത്തിൽ, ഒരു പുതിയ ലോകത്തിൽ നമുക്ക് എങ്ങനെ പ്രസക്തമായതും അപ്പോൾ തന്നെ പുരാതനവുമായ അതിരുകൾ നിലനിർത്താം*

മുതിർന്ന ക്രിസ്ത്യാനികൾ എന്ന നിലയിൽ, നമ്മൾ ആയിരിക്കുന്ന പുതിയ ലോകത്തിന്റെ സംസ്കാരവുമായി ഒത്തുപോകാൻ പ്രയാസമാണ്. തികച്ചും വ്യത്യസ്തമായ ലോകവീക്ഷണവും

സംസ്കാരവുമുള്ള ഒരു ലോകത്തിലാണ് നാം വളർന്നത് എന്ന വസ്തുതയ്ക്കൊപ്പം, ഇനിപ്പറയുന്നതുപോലുള്ള തിരുവെഴുത്തുകൾ എങ്ങനെ പ്രയോഗിക്കണമെന്ന് നമുക്ക് അറിയില്ല:

- ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ *"ലോകകർ അല്ലാതെയായിരിക്കുക"* എന്നതിന്റെ അർത്ഥമെന്താണ് (യോഹന്നാൻ 17:14-18)?
- ലോകത്തിൽ പ്രസക്തിയുള്ളവർ ആയിരിക്കുമ്പോൾ തന്നെ എങ്ങനെയാണ് *"ലോകത്തോട് അനുരൂപപ്പെടാതിരിക്കുകയും"* ചെയ്യുന്നത് (റോമർ 12:1,2)?
- *"ലോകത്തിന്റെ സ്നേഹിതൻ ആകാതെ"* തന്നെ നമുക്ക് എങ്ങനെ ലോകവുമായി ബന്ധപ്പെടാം (യാക്കോബ് 4:4)?
- ലോകത്തെ സ്നേഹിക്കാതെ നമുക്ക് എങ്ങനെ ദൈനംദിന ജീവിതം ആസ്വദിക്കുകയും നമ്മെത്തന്നെ സംരക്ഷിക്കുകയും ചെയ്യാം (1 യോഹന്നാൻ 2:15-17)?

ഇങ്ങനെയുള്ള ചില വിഷയങ്ങളുടെ പ്രതിസന്ധി നാം നേരിടുന്നു.

നാം ലോകത്തിലേക്ക് അയക്കപ്പെട്ടവരായതിനാൽ നമുക്ക് ലോകത്തിൽ നിന്ന് മാറി നിൽക്കാൻ കഴിയില്ലെന്ന് നമുക്കറിയാം. നാം ഉൾപ്പെട്ടിരിക്കുന്ന പുതിയ ലോകത്തിന്റെ സംസ്കാരവുമായി നാം എന്താണ് ചെയ്യുന്നത്? ലോകത്തോട് നമ്മൾ എങ്ങനെ പ്രതികരിക്കും? നമുക്ക് പരിചിതമല്ലാത്തതും മാറിക്കൊണ്ടിരിക്കുന്നതുമായ സംസ്കാരമുള്ള ഒരു പുതിയ ലോകത്തിൽ നമ്മുടെ കൗമാരക്കാരും കുട്ടികളും വളരുമ്പോൾ നമുക്കവരെ എങ്ങനെ വഴി നടത്താൻ കഴിയും?

- മാറുന്ന ലോകത്തിന്റെ പുതിയ സംസ്കാരത്തിൽ നിന്ന് നാം അകന്ന് നിൽകുമ്പോൾ, നമ്മുക്ക് അവരെ സ്വാധീനിക്കാനോ, പണിയാനോ, രൂപാന്തരപ്പെടുത്താനോ സാധിക്കയില്ല.
- പുതിയ ലോകത്തിന്റെ സംസ്കാരത്തോട് പൂർണമായി പൊരുത്തപ്പെടുകയാണെങ്കിൽ, അതിൽ തെറ്റുള്ളത് മാറ്റാൻ നമുക്ക് കഴിയില്ല.

- കാലാതീതമായ സത്യങ്ങളും തത്ത്വങ്ങളും വിശദീകരിക്കാനും സ്ഥാപിക്കാനും പുതിയ ലോകത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സംസ്കാരം നാം പര്യവേക്ഷണം ചെയ്യുകയും മനസ്സിലാക്കുകയും ഉപയോഗിക്കുകയും വേണം.

ഒരു സംസ്കാരവും നല്ലതോ ചീത്തയോ അല്ല. മറിച്ച് ഓരോ സംസ്കാരത്തിലും നല്ലതും ചീത്തയുമായ ഘടകങ്ങൾ അടങ്ങിയിരിക്കുന്നു, അത് വിവേചിച്ചറിയുകയും വിവേകപൂർവ്വം കൈകാര്യം ചെയ്യുകയും വേണം. ദൈവത്തിന്റെ ഹൃദയത്തെ വെളിപ്പെടുത്തുമ്പോൾ പൗലോസ് പറഞ്ഞത് ഇങ്ങനെയാണ്.

**1 കൊരിന്ത്യർ 9:19-23**

**[19] ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും അധികംപേരെ നേടേണ്ടതിന്നു ഞാൻ എന്നെത്തന്നേ എല്ലാവർക്കും ദാസനാക്കി.**
**[20]യെഹൂദന്മാരെ നേടേണ്ടതിന്നു ഞാൻ യെഹൂദന്മാർക്കു യെഹൂദനെപ്പോലെ ആയി; ന്യായപ്രമാണത്തിൻ കീഴുള്ളവരെ നേടേണ്ടതിന്നു ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവൻ അല്ല എങ്കിലും ന്യായപ്രമാണത്തിൻ കീഴുള്ളവർക്കു ന്യാപ്രമാണത്തിൻ കീഴുള്ളവനെപ്പോലെ ആയി.**
**[21]ദൈവത്തിന്നു ന്യായപ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിന്നു ന്യായപ്രമാണമുള്ളവനായിരിക്കെ, ന്യയപ്രമാണമില്ലാത്തവരെ നേടേണ്ടതിന്നു ഞാൻ ന്യായപ്രമാണമില്ലാത്തവർക്കു ന്യായപ്രമാണമില്ലാത്തവനെപ്പോലെ ആയി.**
**[22]ബലഹീനന്മാരെ നേടേണ്ടതിന്നു ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതുവിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു.**
**[23]സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിന്നു ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു.**

1 കൊരിന്ത്യർ 9-ൽ പറഞ്ഞിരിക്കുന്ന തിരുവെഴുത്തുകൾ, നമ്മൾ നമ്മുടെ കേൾവിക്കാർക്ക് പ്രസക്തമായിരിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളാണ്—എല്ലാവർക്കും വേണ്ടി എല്ലാം ആകുക. നാം ആരെയാണോ ശുശ്രൂഷിക്കുന്നത് അവരെപ്പോലെ ആയിത്തീരുക. പൗലോസിന് അദ്ദേഹത്തിന്റെ കാലത്ത് അത് ആവശ്യമാണെന്ന് തോന്നിയെങ്കിൽ, നാമും അങ്ങനെ ചെയ്യണമെന്ന് ഞാൻ കരുതുന്നു!

**1 കൊരിന്ത്യർ 10:32,33**

**[32] യെഹൂദന്മാർക്കും യവനന്മാർക്കും ദൈവസഭെക്കും ഇടർച്ചയല്ലാത്തവരാകുവിൻ.**
**[33] ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന്നു അവരുടെ ഗുണം തന്നേ അന്വേഷിച്ചുകൊണ്ടു എല്ലാവരെയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ.**

1കൊരിന്ത്യർ 9:19-23-ൽ അപ്പോസ്തലനായ പൗലോസ് മുമ്പ് ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ വേണം 1 കൊരിന്ത്യർ 10:32,33 മനസ്സിലാക്കാൻ. എല്ലാ കാര്യങ്ങളിലും എല്ലാ മനുഷ്യരെയും പ്രസാദിപ്പിക്കാനുള്ള പൗലോസിന്റെ കാരണം വ്യക്തിപരമായ നേട്ടത്തിനോ ആളുകളെ തന്നിലേക്ക് ആകർഷിക്കാനോ ആയിരുന്നില്ല, മറിച്ച് അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് നയിക്കാനാണ്.

*കാലാതീതമായതിനെക്കുറിച്ച് പറയുന്നതിന് സാംസ്കാരികമായത് ഉപയോഗിക്കുന്നതാണ് പ്രസക്തി. കാലാതീതമായതിനെക്കുറിച്ച് പറയാൻ നമ്മൾ സാംസ്കാരികമായത് ഉപയോഗിക്കണം*—റെഗ്ഗി ജോയിനർ, ഫാമിലിവൈസിന്റെ സ്ഥാപകൻ.

ലോകം മാറുകയാണ്. ഇന്നലെകളിൽ പ്രയോജനപ്പെട്ടത് ഇന്ന് പ്രയോജനപ്പെടണം എന്നില്ല! പുതിയ ലോകത്തിന് അനുസൃതമായി നാം മാറേണ്ടതുണ്ട്. പുതിയ ലോകത്തിന്റെ സംസ്കാരത്തിന്റെ ഭാഗമായ പ്രതീകങ്ങളും ഭാഷയും ഉപയോഗിച്ച് നിത്യ സത്യങ്ങൾ അവതരിപ്പിക്കേണ്ടതുണ്ട്. എന്നാൽ അങ്ങനെ ചെയ്യുന്നതിൽ അപകടങ്ങളുണ്ട്, അത് നാം അറിഞ്ഞിരിക്കണം. നമുക്ക് സംസ്കാരത്തിൽ നിന്ന് വെറുതെ കാര്യങ്ങൾ എടുക്കാനും നിത്യമായ സത്യങ്ങൾ പങ്കുവെയ്ക്കാൻ ഉപയോഗിക്കാനും കഴിയില്ല. പുതിയ ലോകത്തിന്റെ സംസ്കാരം ഉപയോഗിക്കാനും ഇടപഴകാനും ഉപയോഗിക്കാനുമുള്ള നമ്മുടെ ശ്രമത്തിൽ പുരാതന അതിരുകളിൽ നമുക്ക് വിട്ടുവീഴ്ച ചെയ്യാനാവില്ല.

## 4
# നമ്മുടെ പുരാതന അതിരുകൾ

ജീവിതത്തിന്റെ നിരവധി സുപ്രധാന മേഖലകളിലൂടെ വീശുന്ന മാറ്റത്തിന്റെ ചില കാറ്റുകളെ അഭിസംബോധന ചെയ്യാനും ഈ മേഖലകളിലെ നമ്മുടെ പുരാതന അതിരുകളെ ഓർമ്മിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

- വ്യക്തിജീവിതവും സ്വഭാവവും
- വിവാഹവും കുടുംബവും
- തൊഴിലിടം
- സഭാ ജീവിതം
- ശുശ്രൂഷ

ജീവിതത്തിലെ ചില കാറ്റുകൾക്ക് അനുസൃതമായി നമ്മുടെ യാത്രകളെ ഒരുക്കുകയും, കാറ്റിന്റെ ഗതിക്ക് അനുസരിച് പോകേണ്ടത് ആവശ്യമാണ് അതല്ലെങ്കിൽ നാം പുറകിൽ ആയി പോവുകയും പുതിയ ലോകത്തിൽ നാം വേർപെട്ട് പോവുകയും ചെയ്യും. അതുപോലെ വിശുദ്ധമായ അതിരുകൾ മറി കടക്കാനും ദൈവിക പാരമ്പര്യങ്ങൾ നഷ്ടപ്പെടുത്താനും ഇടയാക്കുന്ന മറ്റൊരു ദിശയിലേക്ക് വീശുന്ന മാറ്റത്തിന്റെ ചില കാറ്റുകൾ ഉണ്ട്. പുരാതന അതിരുകൾ ഉപയോഗിച്ച് കൊടുങ്കാറ്റുകളിൽ നമ്മെ നങ്കൂരമിട്ടുകൊണ്ടു മാറ്റത്തിന്റെ ഈ കാറ്റുകളിലൂടെ സഞ്ചരിക്കാൻ നാം പഠിക്കണം.

മാറ്റത്തിന്റെ എല്ലാ മേഖലകളെയും ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഈ പുസ്തകത്തിൽ അഭിസംബോധന ചെയ്യുക എന്നത് എന്റെ ഉദ്ദേശ്യമല്ല. എന്റെ ഉദ്ദേശം വരും വർഷങ്ങളിൽ വീശുന്ന അല്ലെങ്കിൽ നമ്മുടെമേൽ വരാനിരിക്കുന്ന മാറ്റത്തിന്റെ കാറ്റിനോട് എങ്ങനെ പ്രതികരിക്കണമെന്ന് നാം അറിയേണ്ടതിനു

ആവശ്യമുള്ളത്ര ജ്ഞാനവും വിവേകവും കൈമാറുക എന്നതാണ്. വിശുദ്ധമായ അതിരുകൾ മറി കടക്കാതെയും ദൈവിക പാരമ്പര്യങ്ങൾ നഷ്ടപ്പെടുത്താതെയും പുരാതന അതിരുകൾക്കുള്ളിൽ നിൽക്കാൻ നമുക്ക് കഴിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

മാറ്റത്തോട് ശരിയായി പ്രതികരിക്കാനുള്ള കഴിവ് നമുക്ക് ഉണ്ടാകണമെന്ന് മാത്രമല്ല, ഈ പുരാതന അതിരുകൾ നമ്മുടെ ലോകത്തിലേക്ക് കൊണ്ടുപോകാൻ നിങ്ങളെ വെല്ലുവിളിക്കാനും ഞാൻ ആഗ്രഹിക്കുന്നു—അതുവഴി മാറ്റത്തിന്റെ കാറ്റ് കാരണം ശിഥിലമാകുന്ന നമ്മുടെ ലോകത്തിന്റെ മേഖലകളെ മാറ്റാനും കഴിയും. ബിസിനസ്സ്, ഗവൺമെന്റ്, വിദ്യാഭ്യാസം, കായികം, മാധ്യമങ്ങൾ, വിനോദം, ഫാഷൻ തുടങ്ങി എല്ലായിടത്തും പുരാതന അതിരുകൾ, വിശുദ്ധമായ അതിരുകൾ, ദൈവിക പാരമ്പര്യങ്ങൾ എന്നിവയിൽ ജീവിക്കുന്ന ഒരു ജനതയെ സങ്കൽപ്പിക്കുക. നാം യഥാർത്ഥത്തിൽ നമ്മുടെ ലോകത്ത് ഉപ്പും വെളിച്ചവും ആയിരിക്കും!

എന്റെ ആഹ്വാനം ഇത്ര മാത്രമാണ്—**വേദപുസ്തകത്തിനൊപ്പം തുടരുക.** വേദപുസ്തകമാണ് നമ്മുടെ പുരാതന അതിർ!

സത്യം ആപേക്ഷികമല്ല. സത്യം പരമമാണ്. ദൈവവചനം സത്യമാണ് (യോഹന്നാൻ 17:17). ദൈവം നമുക്ക് നൽകുന്ന നിർദ്ദേശങ്ങൾ ആപേക്ഷികമല്ല. അവ പരമമാണ്. ദൈവം എന്താണ് ഉദ്ദേശിച്ചതെന്ന് നമുക്ക് വോട്ടിട്ട് തീരുമാനിക്കാൻ കഴിയില്ല! ദൈവം ഉദ്ദേശിച്ചതാണ് താൻ പറഞ്ഞത്, അവൻ പറഞ്ഞതാണ് അതിന്റെ അർത്ഥം. അവൻ പറഞ്ഞത് നമ്മൾ പിന്തുടരുന്നു.

## വ്യക്തിജീവിതത്തിനും സ്വഭാവത്തിനുമുള്ള പുരാതന അതിരുകൾ

### *വിശുദ്ധി*

**1 പത്രോസ് 1:14–16**

**[14]പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ**
**[15]മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ.**
**[16]"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

**എബ്രായർ 12:14**
**എല്ലാവരോടും സമാധാനം ആചരിച്ച ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.**

വിശുദ്ധരായിരിക്കുക എന്നാൽ "ദൈവത്തിനായി വേർതിരിക്കപ്പെടുക" എന്നാണ്. അതിനർത്ഥം ഞാൻ ദൈവത്തിന്റേതാണ് എന്നതാണ്. അതിനാൽ, ഞാൻ പറയുന്നതും ചെയ്യുന്നതുമായ എല്ലാം ദൈവത്തെ പ്രതിനിധീകരിക്കുന്നതും, ദൈവഭക്തിയുള്ളതും ദൈവഭക്തി പ്രകടമാക്കുന്നതും ആയിരിക്കണം.

നമ്മൾ പറയുന്നതും ചെയ്യുന്നതും ധരിക്കുന്നതും മറ്റും ഈ മാനദണ്ഡമനുസരിച്ച് വിലയിരുത്തണം. എന്നാൽ, നമ്മുടെ വിശുദ്ധിയുടെ മാനദണ്ഡങ്ങൾ അതേ നിലവാരമില്ലാത്ത ആളുകളിൽ നിന്ന് നമ്മെ ഒറ്റപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതല്ല. അവരാൽ സ്വാധീനിക്കപ്പെടാതെ, അവരുമായി ബന്ധപ്പെടാൻ നമുക്ക് കഴിയണം.

നികുതിപിരിവുകാരോടും പാപികളോടുമൊപ്പം ഇരുന്നു ഭക്ഷണം കഴിക്കുന്നതിന് യേശുവിന് ബുദ്ധിമുട്ടില്ലായിരുന്നു എന്നത് ഓർക്കുക (മത്തായി 9:11). ഇതിനർത്ഥം ഒരു പരിധി വരെ അവർ ധരിക്കുന്നത് എനിക്ക് ധരിക്കാനും, അവരെപ്പോലെ ആകാനും, അവരെപ്പോലെ കാണപ്പെടാനും, കഴിയുമെന്നും അതേസമയം ദൈവമുമ്പാകെ വിശുദ്ധിയുടെ വ്യക്തിപരമായ നിലവാരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാനും കഴിയും എന്നതാണ്.

നാം ലോകത്തിന്റെ ഏത് ഭാഗത്താണ് ജീവിക്കുന്നത്, ഏത് സംസ്കാരമാണ് നാം പിന്തുടരുന്നത് എന്നത് പ്രസക്തമല്ലാത്ത വിധത്തിൽ വിശുദ്ധി ഒരു പുരാതന അതിരാണ്!

വിശുദ്ധിയെ സംബന്ധിച്ച ദൈവത്തിന്റെ നിലവാരങ്ങൾ പൂർണ്ണമാണ്. നാം ജീവിക്കുന്ന ലോകത്തിന്റെ ഏതു ഭാഗത്തും നാം പ്രവർത്തിക്കുന്ന സംസ്കാരവും പരിഗണിക്കാതെ അവന്റെ എല്ലാ മക്കൾക്കും അവ ഒരുപോലെയാണ്. വിശ്വാസികൾ എന്ന നിലയിൽ, നമുക്ക് നമ്മുടെ സ്വന്തം ധാർമ്മിക നിലവാരങ്ങൾ നിർവചിക്കാനാവില്ല. അവ ദൈവവചനത്തിൽ നമുക്കായി നിർവചിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ സ്വന്തം ധാർമ്മിക മാനദണ്ഡങ്ങൾ നാം നിർവചിക്കുന്നുവെന്നും വിശുദ്ധിയുടെ മാനദണ്ഡങ്ങൾ സംസ്കാരമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും ചിലർ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന നിലയിൽ സഭയിൽ കടന്നുകൂടിയ ധാർമിക ആപേക്ഷികതയുടെ ഉത്തരാധുനിക തത്ത്വചിന്തയെക്കുറിച്ച് നാം ജാഗ്രത പാലിക്കണം. ഇത് സാധ്യമല്ല! ലോകത്തിന്റെ ഏത് ഭാഗത്തും ബൈബിൾ ഒരേപോലെയാണ് വായിക്കുന്നത്, ദൈവം തന്റെ എല്ലാ മക്കളോടും ഒരേ കാര്യം തന്നെ പറയുന്നു!

സ്ത്രീകളേ, നിങ്ങളുടെ വസ്ത്രധാരണരീതി രണ്ട് പ്രധാന കാര്യങ്ങൾ പ്രകടമാക്കണമെന്ന് ദയവായി ഓർക്കുക—താഴ്മയും ദൈവഭക്തിയും.

**1 തിമൊഥെയൊസ് 2:9,10**

**9 അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം.**

**10 പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു.**

വസ്ത്രധാരണത്തിലെ മാന്യത വ്യത്യസ്ത സംസ്കാരങ്ങളിൽ വ്യത്യസ്തമായി നിർവചിക്കപ്പെടുന്നുവെന്ന് ചിലർ വാദിച്ചേക്കാമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു സംസ്കാരം മാന്യതയില്ലാത്തതായി കരുതുന്നത് മറ്റൊരു സംസ്കാരത്തിൽ തികച്ചും നല്ലതായിരിക്കുമെന്ന് അവർ പറയും. ഇതിനുള്ള എന്റെ പ്രതികരണത്തിന് രണ്ടു വശങ്ങളുണ്ട്. ഒന്നാമതായി, ദൈവത്തിന്റെ ദൃഷ്ടിയിൽ വളരെ വിലയേറിയ *"ഹൃദയത്തിന്റെ ഗൂഢമനുഷ്യനെ"* (1 പത്രോസ് 3:4a) മനോഹരമാക്കുന്നതിലും പ്രദർശിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ തിരുവെഴുത്തുകൾ സ്ത്രീകളോട് ആവശ്യപ്പെടുന്നു. അതിനാൽ സംസ്കാരം പരിഗണിക്കാതെ തന്നെ, വിശ്വാസിയായ സ്ത്രീയുടെ ശ്രദ്ധ ഇതായിരിക്കണം. രണ്ടാമതായി, നിങ്ങൾ ജീവിക്കുന്ന സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ താഴ്മയുള്ളവരായിരിക്കുക.

### *സത്യനിഷ്ഠ*
**സദൃശവാക്യങ്ങൾ 10:9**
**നേരായി നടക്കുന്നവൻ നിർഭയമായി നടക്കുന്നു;**
**നടപ്പിൽ വക്രതയുള്ളവനോ വെളിപ്പെട്ടുവരും.**

നമ്മുടെ ജീവിതത്തിന്റെ ഒരു മേഖലയിലും സത്യനിഷ്ഠയിലും സത്യസന്ധതയിലും നമുക്ക് വിട്ടുവീഴ്ച ചെയ്യാനാവില്ല. സാഹചര്യങ്ങൾ എത്രത്തോളം ആവശ്യപ്പെട്ടാലും നാം മാറ്റം വരുത്താൻ പാടില്ലാത്ത അതിരാണിത്.

### *കഠിനാദ്ധ്വാനം*
**സദൃശവാക്യങ്ങൾ 10:4**
**മടിയുള്ള കൈകൊണ്ടു പ്രവർത്തിക്കുന്നവൻ ദരിദ്രനായ്ത്തീരുന്നു;**
**ഉത്സാഹിയുടെ കയ്യോ സമ്പത്തുണ്ടാക്കുന്നു.**

ആളുകളുടെ തൽക്ഷണ വിജയങ്ങളിൽ നാം ചിലപ്പോൾ ആകൃഷ്ടരാകും. രണ്ടാമത്തെ വെബ് ബൂമിന്റെ താരം എന്നറിയപ്പെടുന്ന ഫെയ്സ് ബുക്ക് ഡോട്ട് കോമിന്റെ (Facebook.com) സ്ഥാപകനായ 23-കാരനായ ഹാർവാർഡ് ഡ്രോപ്പ്ഔട്ടായ മാർക്ക് സക്കർബർഗിന് ഈ പുസ്തകം എഴുതുമ്പോൾ 15 ദശലക്ഷത്തിലധികം മൂല്യമുണ്ട്. ഒരു നല്ല ആശയം കൊണ്ട്, വെറും നാല് വർഷത്തിനുള്ളിൽ, അദ്ദേഹത്തിന് പൊടുന്നനെയുള്ള വിജയം കരസ്ഥമാക്കാനായി!

തൽക്ഷണ വിജയങ്ങളുടെ കഥകൾ കേൾക്കുന്നതും കാണുന്നതും ചിലപ്പോൾ ഒരു എളുപ്പവഴി തേടുന്ന ഒരു അവസ്ഥയിലേക്ക് നമ്മെ നയിക്കുന്നു. കഠിനാധ്വാനത്തിന് ഇനി പ്രസക്തിയില്ലെന്ന് തോന്നുന്നു. എന്നാൽ "പുരാതന അതിരുകൾ" പറയുന്നത് നിങ്ങൾ മടിയുള്ള കൈയുള്ളവനാണെങ്കിൽ നിങ്ങൾ ദരിദ്രനാകുമെന്നാണ്. ഉത്സാഹമുള്ളവരാണ് വിജയം കാണുന്നത്.

വിപ്രോയുടെ ചെയർമാൻ അസിം പ്രേംജി ആഴ്ചയിൽ ശരാശരി 80 മണിക്കൂർ ജോലി ചെയ്യുന്നുവെന്ന് നിങ്ങൾക്കറിയാമോ? തന്റെ ടീമിന്റെ ഭാഗമാകാൻ ആരെയെങ്കിലും പരിഗണിക്കുമ്പോൾ, അദ്ദേഹത്തിന്റെ ഒരു ചോദ്യമാണ്, "ആഴ്ചയിൽ എത്ര മണിക്കൂർ നിങ്ങൾ ചെലവഴിക്കാൻ തയ്യാറാണ്?" ചെയർമാനുമായി നേരിട്ട് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന ആരെങ്കിലും ആഴ്ചയിൽ 60-70

മണിക്കൂർ ജോലി ചെയ്യാൻ തയ്യാറായിരിക്കണം! അതിരുകളില്ലാതെ ജോലി ചെയ്യാൻ ഞാൻ ആരെയും പ്രോത്സാഹിപ്പിക്കുകയല്ല. പക്ഷേ വിജയം വിലകുറഞ്ഞതല്ലെന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു!

## *മുൻഗണനകൾ*

എല്ലാം ആപേക്ഷികവും വ്യാഖ്യാനത്തിന് വിധേയവുമാണ് എന്ന കാഴ്ചപ്പാടുള്ള ലോകത്ത് നമ്മുടെ മുൻഗണനകൾ നിരന്തരം വെല്ലുവിളിക്കപ്പെടുന്നു.

മർക്കോസ് 12:29-31 ഉം മത്തായി 6:33 ഉം അന്നത്തേത്പോലെ തന്നെ ഇന്നും വായിക്കപ്പെടേണ്ടതും ജീവിതത്തിൽ നാം പാലിക്കേണ്ട മുൻഗണനകളുടെ പുരാതന അടയാളങ്ങളുമാണ്.

**മർക്കോസ് 12:29-31**

**[29]എല്ലാറ്റിലും മുഖ്യകല്പനയോ: "യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു.**
**[30]നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം, എന്നു ആകുന്നു.**
**[31]രണ്ടാമത്തേതോ: 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം' എന്നത്രേ; ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും ഇല്ല എന്നു ഉത്തരം പറഞ്ഞു."**

**മത്തായി 6:33**

**മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.**

വിശ്വാസികൾ എന്ന നിലയിൽ, ദൈവത്തോടുള്ള നമ്മുടെ സ്നേഹവും ദൈവ രാജ്യത്തിന്റെ ഉദ്ദേശ്യങ്ങൾ പിന്തുടരുന്നതും വ്യക്തിപരമായ സുഖസൗകര്യങ്ങൾ, വ്യക്തിപരമായ അഭിലാഷങ്ങൾ മുതലായവയെക്കാൾ മുകളിലാണ്.

ഒരു മനുഷ്യന്റെ മൂല്യം അവന്റെ ഉടമസ്ഥതയിൽ ഉള്ള കാര്യങ്ങൾ കൊണ്ട് മാത്രം അളക്കുന്ന ഒരു ലോകത്ത്, നമുക്കുള്ള വസ്തുക്കളേക്കാൾ നമ്മൾ ആരാണെന്നതാണ് പ്രധാനമെന്ന് നമ്മൾ മനസ്സിലാക്കണം!

**ലൂക്കോസ് 12:15**

**പിന്നെ അവരോടു: "സകലദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞുകൊൾവിൻ; ഒരുത്തന്നു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന്നു ആധാരമായിരിക്കുന്നതു" എന്നു പറഞ്ഞു.**

### *സാക്ഷ്യം*

നമ്മുടെ സാക്ഷ്യം നാം എപ്പോഴും കാത്തുസൂക്ഷിക്കണം. നാം ഒരക്ഷരം മിണ്ടുന്നില്ലെങ്കിലും നമ്മുടെ ജീവിതങ്ങൾ—നമ്മുടെ പ്രവൃത്തികൾ, മനോഭാവങ്ങൾ, പെരുമാറ്റങ്ങൾ—എന്നിവ നമുക്ക് ചുറ്റുമുള്ളവരോട് സംസാരിക്കുന്ന നമ്മുടെ സാക്ഷ്യങ്ങളാണ്. കുറ്റമില്ലാത്തവനായി നിലനിൽക്കുന്ന ഒരു സാക്ഷ്യം നിലനിർത്താൻ നാം എല്ലാ ശ്രമങ്ങളും നടത്തണം—ആർക്കും കുറ്റം കണ്ടെത്താൻ കഴിയാത്ത ഒരു ജീവിതം നയിക്കുക. നാം ജീവിക്കുന്ന രീതി നാം പിന്തുടരുന്നവനെ മഹത്ത്വപ്പെടുത്തുന്നതായിരിക്കണം (1 പത്രോസ് 2:9).

## വിവാഹത്തിനും കുടുംബത്തിനും വേണ്ടിയുള്ള പുരാതന അതിരുകൾ

### *വിവാഹം*

**എബ്രായർ 13:4**

**വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും.**

വിവാഹം ദൈവം നിശ്ചയിച്ച സ്ഥാപനമാണെന്ന് വിശ്വാസികൾ എന്ന നിലയിൽ നാം മനസ്സിലാക്കുന്നു. അത് ആജീവനാന്ത ഉടമ്പടിയാണ്. നമ്മൾ മാറ്റം വരുത്താൻ പാടില്ലാത്ത ഒരു പുരാതന അതിരാണത്. ഡേറ്റിംഗ് നടത്തുന്നവരോട്, നിങ്ങൾ വിവാഹം കഴിക്കുന്നത് വരെ നിങ്ങൾ വിവാഹിതരല്ലെന്ന് ഓർക്കുക! വിവാഹത്തിന്റെ ഉത്തരവാദിത്തത്തിലേക്ക് കടക്കുന്നതിന് മുമ്പ് നിങ്ങൾക്ക് വിവാഹിതരുടെ പ്രത്യേകാവകാശങ്ങൾ പ്രയോഗിക്കാൻ കഴിയില്ല. വിവാഹിതരായവർക്കായി, നിങ്ങളുടെ വിവാഹം രണ്ട് പേർക്കായി രണ്ട് പേർക്കു മാത്രമായി രൂപകൽപ്പന ചെയ്തതാണെന്ന് ഓർമ്മിക്കുക. ആന്തരിക വൃത്തം നിലനിർത്തുക.

### *കുടുംബം*

കുടുംബം ദൈവത്തിന്റെ രൂപകല്പനയാണ്. നിങ്ങൾ നിങ്ങളുടെ കുടുംബത്തെ ശുശ്രൂഷിക്കുമ്പോൾ, ദൈവം നിയുക്തമാക്കിയ മറ്റേതൊരു ശുശ്രൂഷയ്ക്കും (പ്രസംഗിക്കുക, പ്രവചിക്കുക, അല്ലെങ്കിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുക) വളരെ സമാനമായ, ദൈവം നിയമിച്ച ശുശ്രൂഷയാണ് നിങ്ങൾ നിറവേറ്റുന്നത്. അതുകൊണ്ട്, ഒരാളുടെ കുടുംബത്തോടുള്ള ശുശ്രൂഷ എന്നത് നാം ഒഴിവാക്കാൻ പാടില്ലാത്ത ഒരു പുരാതന

അതിരാണ്. നമ്മുടെ കുടുംബങ്ങളിൽ നിക്ഷേപിക്കുക എന്നതിന് നാം മുൻഗണന നൽകണം.

വിശ്വാസികൾ എന്ന നിലയിൽ നമ്മൾ ദൈവത്താൽ രൂപകൽപന ചെയ്യപ്പെട്ട ഒരു വലിയ സമൂഹത്തിന്റെ (പ്രാദേശിക സഭയുടെ) ഭാഗമാണെന്ന് വിശ്വസിക്കുമ്പോൾ തന്നെ അതിരുകൾ എവിടെയാണെന്ന് അറിയാനും നാം ശ്രദ്ധിക്കണം. നമ്മുടെ കുടുംബത്തെ ഈ വലിയ സഭ സമൂഹവും ആയി കൂടിക്കലർന്നു പോകുമ്പോൾ തന്നെ അതിൽ അലിഞ്ഞു പോകാതെ ഇരിക്കുകയും വേണം.

### *മാതാപിതാക്കളെ ബഹുമാനിക്കുക*

**സദൃശവാക്യങ്ങൾ 1:8,9**

**[8]മകനേ, അപ്പന്റെ പ്രബോധനം കേൾക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുതു;**
**[9]അവ നിന്റെ ശിരസ്സിന്നു അലങ്കാരമാലയും നിന്റെ കഴുത്തിന്നു സരപ്പളിയും ആയിരിക്കും.**

മാതാപിതാക്കളെ ആദരിക്കുന്നതും, ബഹുമാനിക്കുന്നതും, ശുശ്രൂഷിക്കുന്നതും നാം പഴമക്കാരുടേതായി കണക്കാക്കുന്നു. എന്നാൽ വിശ്വാസികൾ എന്ന നിലയിൽ ദൈവവചനം പറയുന്നു മാതാപിതാക്കളെ ബഹുമാനിക്കുവാൻ (എഫിഷ്യർ 6:1-3). ഇത് നാം തള്ളിക്കളയരുതാത്തയായ ഒരു ദൈവീക പാരമ്പര്യമാണ്.

# 5
# തൊഴിലിടങ്ങൾക്കായുള്ള പുരാതന അതിരുകൾ

വ്യക്തിജീവിതത്തിനും സ്വഭാവത്തിനും വേണ്ടി നമ്മൾ ചർച്ച ചെയ്ത അതേ പുരാതന അതിരുകൾ തൊഴിലിടത്തിനും ബാധകമാണ്. ഈ പുരാതന അതിരുകൾ നിങ്ങളുടെ പ്രൊഫഷണൽ ലോകത്തേക്ക് കൊണ്ടു വരിക. ഈ പുരാതന അതിരുകളിൽ വിട്ടുവീഴ്ച ചെയ്യാൻ പുതിയ ലോകത്തിന്റെ സംസ്കാരത്തെ അനുവദിക്കരുത്.

## സ്വാതന്ത്ര്യം

ഇന്നൊക്കെ ജീവനക്കാർ തൊഴിലടിങ്ങളിൽ കേവലം "തൊഴിലാളികൾ" മാത്രം അല്ല എന്ന് അവർക്കു തോന്നേണ്ടതിന് പലവിധമായ മാർഗങ്ങൾ കമ്പനികൾ സ്വീകരിക്കുന്നു. ഓരോരുത്തരും ജോലിയിൽ സ്വാതംന്ത്ര്യം അനുഭവിക്കുമ്പോൾ തന്നെ കാര്യങ്ങൾ നിർവഹിക്കുന്നവരും ആയിരിക്കണം. പലപ്പോഴും ജീവനക്കാർ അച്ചടക്കമില്ലായ്മ സ്വാതംന്ത്ര്യം ആയി തെറ്റിദ്ധരിക്കുന്നു.

അച്ചടക്കമില്ലായ്മയല്ല സ്വാതംന്ത്ര്യം. ഉത്തരവാദിത്തത്തിന്റെ അഭാവമല്ല സ്വാതംന്ത്ര്യം. നിങ്ങൾ ഓഫീസിൽ എപ്പോൾ വരണം, പോകണം, നിങ്ങൾക്ക് എത്ര ശമ്പളം നൽകണം, വ്യക്തിഗത ചെലവുകൾക്കായി എത്ര പണം ചിലവഴിക്കണം എത്ര ബിൽ കമ്പനിക്ക് നൽകണം, ഏത് ഹോട്ടലിൽ താമസിക്കണം എന്നിവ തീരുമാനിക്കുക എന്നതല്ല ഇത്—ഇവയൊന്നും ജോലിസ്ഥലത്തെ സ്വാതന്ത്ര്യത്തെ പ്രതിനിധീകരിക്കുന്നില്ല. ഏതൊരു നല്ല സ്ഥാപനത്തിനും ഈ മേഖലകളിലെല്ലാം അതിരുകളും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമാണ്, അല്ലാത്തപക്ഷം കുഴപ്പങ്ങൾ ഉണ്ടാകും. ജോലിസ്ഥലത്തെ യഥാർത്ഥ സ്വാതംന്ത്ര്യം, അനാവശ്യമായ നിയന്ത്രണങ്ങളോ ഇടപെടലുകളോ ഇല്ലാതെ നിങ്ങളുടെ സ്ഥാപനത്തിന് കൂടുതൽ മൂല്യം സൃഷ്ടിക്കുന്നതിന് നിങ്ങളുടെ എല്ലാ കഴിവുകളും ഉപയോഗിക്കുന്നതിന് മതിയായ ഇടം ലഭിക്കുന്നതാണ്. ക്രിയാത്മകമായ ആശയങ്ങൾ പങ്കുവെക്കാനും

ലക്ഷ്യങ്ങൾ നിശ്ചയിക്കാനും ആ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വഴികൾ നിർണ്ണയിക്കാനുമുള്ള പദവിയാണ് ഇത്.

**എഫെസ്യർ 6:7**
**മനുഷ്യരെയല്ല കർത്താവിനെ തന്നേ പ്രീതിയോടെ സേവിച്ചുംകൊണ്ടു അനുസരിപ്പിൻ.**

## സദാചാര സിദ്ധാന്തവും സാഹചര്യ ധാർമികതയും

സദാചാര സിദ്ധാന്തങ്ങളിലും സാഹചര്യ ധാർമീകതയിലും വിശ്വസിക്കുന്ന ഒരു ഉത്തരാധുനിക ലോകവീക്ഷണത്താൽ, തൊഴിലടിങ്ങളിൽ ബിസിനസ്സും വ്യക്തിഗത മൂല്യങ്ങളും വെല്ലുവിളിക്കപ്പെടുന്നു. ശരിയും തെറ്റും, കറുപ്പും വെളുപ്പും ചാരനിറത്തിലുള്ള ഷേഡുകളായി വിഘടിച്ചിരിക്കുന്നു. മൂല്യങ്ങൾ, ധാർമ്മികത, സത്യനിഷ്ഠ എന്നിവ ലാഭം, ശരിയായ കണക്ഷനുകൾ, പെട്ടെന്നുള്ള വിജയങ്ങൾ എന്നിവയ്ക്കായി വിട്ടുവീഴ്ച ചെയ്യപ്പെടുന്നു.

പുരാതന അതിരുകളെക്കുറിച്ചു ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്,

**സദൃശവാക്യങ്ങൾ 10:9**
**നേരായി നടക്കുന്നവൻ നിർഭയമായി നടക്കുന്നു;**
**നടപ്പിൽ വക്രതയുള്ളവനോ വെളിപ്പെട്ടുവരും.**

ഉദ്യോഗാർത്ഥികളോട് പറയാനുള്ളത്, നമ്മൾ നമ്മുടെ ലോകത്തെ സ്വാധീനിക്കണം,ലോകത്താൽ സ്വാധീനിക്കപ്പെടരുത്. നിങ്ങളെ വെല്ലുവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മാറ്റങ്ങൾ കൊണ്ട് വരുന്നവരാകുക, ജീവിതം വെറുതെ ജീവിച്ച തീർക്കരുത്!

## സഭാ ജീവിതത്തിൽ വേണ്ട പുരാതന അതിരുകൾ

### *സംഗീതം*

സമകാലിക സംഗീതം തെറ്റല്ല. പുതിയ തലമുറയെ ബന്ധിപ്പിക്കുന്ന ദൈവിക ഗാനങ്ങൾ സംഗീതത്തോടൊപ്പം ഉണ്ടാകുന്നത് മഹത്തരമാണ്. എന്നാൽ ദൈവാനുഭവങ്ങളേക്കാൾ സംഗീതത്തെ ഉയർത്തുന്ന ഗാനങ്ങളെക്കുറിച്ച് നാം ശ്രദ്ധാലുവായിരിക്കണം.

**ആവർത്തനപുസ്തകം 31:19**
**ആകയാൽ ഈ പാട്ടു എഴുതി യിസ്രായേൽമക്കളെ പഠിപ്പിക്ക; യിസ്രായേൽമക്കളുടെ നേരെ ഈ പാട്ടു എനിക്കു സാക്ഷിയായിരിക്കേണ്ടതിന്നു അതു അവർക്കു**

**വായ്പ്പാഠമാക്കിക്കൊടുക്കുക.**

ഗാനങ്ങൾ എഴുതപ്പെടണമെന്ന് ദൈവം ആഗ്രഹിച്ചതിന്റെ ഒരു കാരണം, അവനെയും അവൻ ചെയ്തതിനെയും കുറിച്ചുള്ള നിരന്തരമായ ഓർമ്മപ്പെടുത്തലുകൾ തന്റെ ജനത്തെ പഠിപ്പിക്കുകയും അവന്റെ വചനം അവരുടെ ഉള്ളിൽ ഉണ്ടാവുകയും ചെയ്യുക എന്നതാണ്. ഈ പുരാതന അതിരുകളിൽ നിന്ന് സമകാലിക ഗാനങ്ങളെ നാം വിലയിരുത്തേണ്ടതുണ്ട്. ദൈവത്തിന്റെ ഉദ്ദേശ്യം സാക്ഷാത്കരിക്കാൻ ഒരു ഗാനം സഹായിക്കുമോ?

കൂടാതെ, വിശ്വാസത്തിന്റെ മഹത്തായ പഴയ കീർത്തനങ്ങളെ നാം അവഗണിക്കരുത്. വിശ്വാസം പ്രകടിപ്പിക്കുന്ന ദൈവശാസ്ത്രം നിറഞ്ഞ ഗീതങ്ങളാണിവ.

**എഫെസ്യർ 5:19**
**സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തും**

സങ്കീർത്തനങ്ങൾ, സ്തുതിഗീതങ്ങൾ, സുവിശേഷഗാനങ്ങൾ എന്നിവയെല്ലാം നമുക്ക് ആവശ്യമാണ്—കർത്താവിനായി നാം ആലപിക്കുന്നതിന്റെ പ്രകടനങ്ങളായി തന്നെ!

***അച്ചടക്കം***

ഇന്നത്തെ മിക്ക പാസ്റ്റർമാരും ഇടയന്റെ വടി ഉപയോഗിക്കാൻ ഭയപ്പെടുന്നു. ഓരോ ഇടയനും തന്റെ ആടുകളെ പച്ച പുൽമേടുകളിലേക്കും ശാന്തമായ വെള്ളത്തിനരികിലേക്കും നയിക്കുക മാത്രമല്ല, ആടുകളെ നയിക്കാനും സംരക്ഷിക്കാനും ഒരു വടിയും കോലും ആവശ്യമാണ്.

മാരകരോഗം ബാധിച്ചവർക്കായി മെഡിക്കൽ ലോകത്ത് "പാലിയേറ്റീവ് കെയർ" എന്ന് വിളിക്കപ്പെടുന്ന സേവനമുണ്ട്. അവരുടെ അവസാന നാളുകൾ കഴിയുന്നത്ര സുഖകരമാക്കുക എന്നതാണ് ആശയം. ശാരീരികമായി ബുദ്ധിമുട്ടുന്നവർക്ക് ഇത് വളരെ നല്ലതാണ്. എന്നിരുന്നാലും, പാപത്തിലും ദൈവകൃപയിൽ നിന്ന് വീഴുന്നതിന്റെ വക്കിലും ഉള്ളവർക്ക് സാന്ത്വന പരിചരണം നൽകാൻ സഭയ്ക്ക് കഴിയില്ല (എബ്രായർ 12:15). നരകത്തിൽ നിത്യതയിൽ കഴിയാൻ അവരെ സഹായിക്കാൻ മാത്രം നാം അവരെ

ഈ ഭൂമിയിൽ സുഖകരമാക്കിയാൽ ഒരു പ്രയോജനവുമില്ല. നമ്മൾ കത്തി പുറത്തെടുത്ത് അവരെ പാപം ചെയ്യാൻ കാരണമാകുന്ന വലതു കണ്ണോ വലതു കൈയോ "വെട്ടുന്ന" അസുഖകരമായ പ്രക്രിയയിലൂടെ കടന്നുപോകാൻ അവരെ സഹായിക്കുന്നതാണ് നല്ലത് (മത്തായി 5:29,30). നിങ്ങളുടെ പാസ്റ്ററെ ഒരു യഥാർത്ഥ ഇടയനാകാൻ സഭ അനുവദിക്കണം. അവന്റെ വടിയും കോലും ഉപയോഗിക്കാൻ അവനെ അനുവദിക്കുക, കാരണം അതില്ലാതെ ആടുകളെ നയിക്കാനും ശരിയാക്കാനും സംരക്ഷിക്കാനും അവന് കഴിയില്ല.

**1 കൊരിന്ത്യർ 4:21**
**നിങ്ങൾക്കു ഏതു വേണം? ഞാൻ വടിയോടുകൂടെയോ സ്നേഹത്തിലും സൌമ്യാത്മാവിലുമോ നിങ്ങളുടെ അടുക്കൽ വരേണ്ടതു?**

കൃപയുടെ സമൃദ്ധിയിൽ നമ്മൾ വിശ്വസിക്കുന്നു, എന്നാൽ ദൈവിക ശിക്ഷണത്തിലും നമ്മൾ വിശ്വസിക്കുന്നു. കൃപയുടെ പേരിൽ ദൈവിക ജീവിതത്തോട് ചേർന്നുനിൽക്കുന്നത് നാം ത്യജിക്കരുത്. അച്ചടക്കത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് നാം ദൈവ കൃപയെ പുറകിൽ എറിഞ്ഞു കളയരുത്, അല്ലെങ്കിൽ നാം ആരും അത് എത്തിച്ചേരുകയില്ല!

## *നേതൃത്വത്തോടുള്ള കീഴ്പ്പെടൽ*

ഉത്തരാധുനിക ലോകത്ത്, "ബഹുമാനം", "ആദരവ്", "സമർപ്പണം", "അനുസരണം" എന്നിവ മോശമായ വാക്കുകളായി കണക്കാക്കപ്പെടുന്നു! ഈ മനോഭാവം സഭയിലും കടന്നുകൂടി.

പുരാതന അതിരുകൾ ഇതാ,

**എബ്രായർ 13:17**
**നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല.**

## ശുശ്രൂഷയ്ക്കായുള്ള പുരാതന അതിരുകൾ

### *വസ്ത്രം*

പൗരോഹിത്യ വസ്ത്രം ധരിച്ച പ്രസംഗകരിൽ നിന്ന് പ്രസംഗപീഠത്തിന് പിന്നിൽ കോട്ടുകളോ സാധാരണ വസ്ത്രങ്ങളോ

ധരിക്കുന്നതിലേക്ക് നാം വളരെ മുന്നോട്ട് പോയി. പ്രസംഗകരെ അവരുടെ വസ്ത്രം കൊണ്ട് മാത്രം വിലയിരുത്തരുത്. അവർ ചെന്നായ്ക്കളുടെ വസ്ത്രത്തിൽ ഉള്ള ആടുകളായിരിക്കാം! അവരുടെ ജീവിതം, സ്വഭാവം, അവരുടെ സന്ദേശത്തിന്റെ സമഗ്രത, അവർ വെളിപ്പെടുത്തുന്ന അഭിഷേകം എന്നിവയാണ് പ്രധാനം! ശുശ്രൂഷയിൽ പുരാതനമായ അതിരുകൾ നിലനിർത്തുന്നിടത്തോളം, സാധാരണ വസ്ത്രധാരണത്തിൽ തെറ്റൊന്നുമില്ല!

### *മര്യാദകൾ*

ഇന്ന് ക്രൈസ്തവലോകത്തിന്റെ ചില മേഖലകളിൽ ഞാൻ കാണുന്ന കാര്യങ്ങളിൽ എനിക്ക് ആശങ്കയുണ്ട്. സ്വാഭാവികവും സാധാരണവുമായിരിക്കാനുള്ള ശ്രമത്തിൽ, പ്രസംഗകരും ശുശ്രൂഷകരും ശുശ്രൂഷയിലെ ധാർമ്മിക നിലവാരങ്ങളെ യഥാർത്ഥത്തിൽ ഇകഴ്ത്തുന്നു. ഒരു പ്രസംഗകൻ പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് ഓരോ ആഴ്ചയും തന്റെ ഭാര്യയുമായി എത്ര തവണ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നു എന്നതിനെക്കുറിച്ച് സംസാരിക്കുന്നത് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ! സാധാരണക്കാരനാകാനുള്ള ശ്രമത്തിൽ, സാധാരണ ഭാഷയും വിലകുറഞ്ഞ തമാശകളും മറ്റ് നിരവധി ദുർബലമായ കാര്യങ്ങളും മൂലം പ്രസംഗവേദിയുടെ പവിത്രത നമുക്ക് നഷ്ടപ്പെട്ടു.

ശുശ്രൂഷ ആരംഭിച്ച സമയം മുതൽ നാല് തവണ വിവാഹമോചനം നേടിയ ഒരാൾ, ഇപ്പോൾ തന്റെ അഞ്ചാം വിവാഹത്തിൽ കഴിയുന്ന ഒരാൾ, ടെലിവിഷൻ ശുശ്രൂഷയിൽ ഒരു പാസ്റ്ററും പ്രസംഗകനുമായി തുടരുന്നു. എന്തുകൊണ്ടാണ് നമ്മൾ ഇത് സഹിക്കുന്നത്?

ശുശ്രൂഷയിലും ആത്മീയ നേതൃത്വത്തിലും ഉള്ളവർക്കുള്ള പുരാതന അതിരുകൾ ഇതാണ്.

**1 തിമൊഥെയൊസ് 3:1-5**

**[1]ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു എന്നുള്ളതു വിശ്വാസയോഗ്യം ആകുന്നു.**

**[2]എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം.**

**[3]മദ്യപ്രിയനും തല്ലുകാരനും അരുതു;**

**[4]ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി**

**ഭരിക്കുന്നവനും മക്കളെ പൂർണ്ണഗൌരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം.**
**[5]സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും?**

ക്രൈസ്തവലോകത്തിൽ, ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ദൈവം നൽകിയ മുൻവ്യവസ്ഥകളായ ഈ നിലവാരങ്ങളെ നാം അവഗണിക്കുന്നതായി തോന്നുന്നു. ശുശ്രൂഷകർ വെറും മനുഷ്യരാണെന്നത് സത്യമാണ്, എന്നാൽ ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്ന മാനദണ്ഡങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നമുക്ക് ലംഘിക്കാൻ കഴിയാത്ത പുരാതന അതിരുകളാണിവ!

### *പ്രസംഗം*

അപ്പോസ്തലനായ പൗലോസിൽ നിന്നുള്ള ഒരു ഗൌരവമായ മുന്നറിയിപ്പ്.

പൗലോസ് പറഞ്ഞു, *"ഞങ്ങൾ ദൈവവചനത്തിൽ കൂട്ടുചേർക്കുന്ന അനേകരെപ്പോലെ അല്ല, നിർമ്മലതയോടും ദൈവത്തിന്റെ കല്പനയാലും ദൈവസന്നിധിയിൽ ക്രിസ്തുവിൽ സംസാരിക്കുന്നു"* (2 കൊരിന്ത്യർ 2:17).

"ദൈവവചനത്തിൽ കൂട്ടുചേർക്കുക" എന്നതിന്റെ അർത്ഥമെന്താണ്? അതിന്റെ അർത്ഥം നമ്മുടെ കേൾവിക്കാർക്ക് ഇമ്പകരമാക്കേണ്ടതിന് ദൈവവചനത്തെ ധാർമ്മിക സിദ്ധാന്തം, ഉത്തരാധുനിക തത്ത്വചിന്ത, മാനവതവാദം, മറ്റ് "കേൾക്കാൻ ഇമ്പമുള്ള" ആശയങ്ങൾ തുടങ്ങിയവ കലർത്തുക, അവയാൽ മലിനമാക്കുക എന്നാണ്! ലോകമെമ്പാടുമുള്ള പ്രസംഗപീഠങ്ങളിൽ ഇത് സംഭവിക്കുന്നതായി തോന്നുന്നു. ചില പ്രസംഗകർ ബൈബിൾ ഉപയോഗിക്കാതിരിക്കുകയും തിരുവെഴുത്തുകൾ ഉദ്ധരിക്കാതിരിക്കുകയും മാത്രമല്ല ചെയ്യുന്നത്. പകരം പുതിയ ലോകത്തിന് പ്രസക്തമാകാനുള്ള ശ്രമത്തിൽ ചിലർ ജനങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ അവരോട് പറഞ്ഞുകൊണ്ട് ദൈവ വചനത്തെ നിസ്സാരമാക്കുന്നു!

**2 തിമൊഥെയൊസ് 4:2-4**
**[2]വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക.**

**[3]അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും**
**[4]സത്യത്തിന്നു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും.**

ഒരു സന്ദേശം കേൾക്കുന്ന ആളുകളുടെ എണ്ണം വെച്ച് അതിന്റെ സാധുത നമുക്ക് വിലയിരുത്താനാവില്ല. ഏതൊരു നല്ല പ്രാസംഗികനും ഒരു ജനക്കൂട്ടത്തെ ആകർഷിക്കാൻ കഴിയും. വിട്ടുവീഴ്ചയില്ലാത്ത ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഒരു സന്ദേശം വിലയിരുത്തുക എന്നതാണ് ഏക മാർഗം.

യേശു ദൈവ രാജ്യത്തിന്റെ സന്ദേശം മൃദുവാക്കുകയായിരുന്നില്ല. *"...നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കുക"* (ലൂക്കാ 9:23) എന്നതായിരുന്നു തന്റെ ആഹ്വാനം.

**യോഹന്നാൻ 6:66,67**
**[66]അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടു കൂടെ സഞ്ചരിച്ചില്ല.**
**[67]ആകയാൽ യേശു പന്തിരുവരോടു: "നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ" എന്നു ചോദിച്ചു.**

12 ശിഷ്യന്മാർ മാത്രം ശേഷിക്കുന്നതുവരെ പലരും യേശുവിനെ വിട്ടുപോയി, അവർക്കും പോകാൻ മനസുണ്ടോ എന്ന് യേശു അവരോട് ചോദിച്ചു.

തന്റെ പ്രസംഗശേഷം കേൾവിക്കാർ തന്നെ വിട്ടു പോയതുകൊണ്ട് യേശുവിന്റെ സന്ദേശം പരാജയമായിരുന്നെന്ന് നിങ്ങൾ കരുതിയേക്കാം.(ആളുകളുടെ നിഷേധാത്മകമായ പ്രതികരണങ്ങൾ കൊണ്ടും നിങ്ങൾക്ക് ഒരു സന്ദേശത്തെ വിലയിരുത്താൻ കഴിയില്ല— അവർ സത്യം കേൾക്കാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ എന്തുചെയ്യും?) എന്നിട്ടും, അവന്റെ വചനം പിതാവിന്റെ ശുദ്ധമായ വചനമായതിനാൽ ജനക്കൂട്ടം അവനെ പിന്തുടർന്നുവെന്നും അവൻ പിതാവിന്റെ പ്രവൃത്തികൾ ചെയ്തുവെന്നും നമുക്കറിയാം!

നമ്മുടെ സന്ദേശത്തിൽ, വിട്ടുവീഴ്ചയില്ലാത്ത, മായം കലരാത്ത ദൈവവചനം പ്രസംഗിക്കുന്ന പുരാതന അതിരുകൾ നാം നിലനിർത്തണം!

### *രീതികൾ*

പരിശുദ്ധാത്മാവിന്റെ ശക്തിയിൽ അടയാളങ്ങളും അത്ഭുതങ്ങളും വീര്യപ്രവർത്തികളും ഉപയോഗിച്ച് സുവിശേഷം പ്രസംഗിക്കുക എന്നതാണ് ശുശ്രൂഷയിലെ രീതിയുടെ പുരാതന അതിരുകൾ. ഇതാണ് യേശു ചെയ്തത്, ഇതു ചെയ്യാനാണ് അവൻ നമ്മെ പഠിപ്പിച്ചത്. ഉപമകൾ പറയുന്നതിനേക്കാൾ യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചതിന്റെ കൂടുതൽ വിവരണങ്ങൾ സുവിശേഷങ്ങളിൽ അടങ്ങിയിരിക്കുന്നു.

വാസ്തവത്തിൽ, യേശു പറഞ്ഞു,

**യോഹന്നാൻ 10:37,38**
**[37]ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ;**
**[38]ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവു എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ടതിന്നു പ്രവൃത്തിയെ വിശ്വസിപ്പിൻ.**

പൗലോസ് പറഞ്ഞു,

**1 കൊരിന്ത്യർ 2:4,5**
**[4]നിങ്ങളുടെ വിശ്വാസത്തിന്നു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നേ ആധാരമായിരിക്കേണ്ടതിന്നു**
**[5]എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നതു.**

ഇതാണ് നമ്മുടെ പുരാതന അതിര്, സമകാലിക പ്രസംഗത്തെ അളക്കാൻ നാം ഉപയോഗിക്കേണ്ടത് ഇതാണ്. നൈപുണ്യത്തോടെയുള്ള പ്രസംഗവും ഗംഭീരമായ മൾട്ടിമീഡിയ അവതരണവും ആണ് ദൈവവചന ശുശ്രൂഷ എന്ന് ചിന്തിപ്പിച് നിങ്ങളെ വിഡ്ഢികളാക്കാൻ അനുവദിക്കരുത്. യേശുവാണ് നമ്മുടെ മാനദണ്ഡം! വചനഘോഷണത്തിൽ അത്ഭുതങ്ങളും അമാനുഷിക അടയാളങ്ങളും ഉണ്ടായിരിക്കണമെന്ന് താൻ പറഞ്ഞു. ആളുകൾ സഭയിൽ വരുമ്പോൾ നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും മികച്ച "പരിവർത്തന അനുഭവം" ഇതാണ്—അമാനുഷികത വെളിപ്പെടുന്നത് അനുഭവവേദ്യമാക്കുക!

ഒരു സഭ എന്ന നിലയിൽ നാം പോകേണ്ട ദിശ ഇങ്ങനെയാണ്. ഇതിലൂടെയാണ് നമ്മൾ പോകേണ്ടത്!

കാലാതീതമായ സത്യങ്ങൾ ആശയവിനിമയം നടത്തുന്നതിന് സാങ്കേതികവിദ്യയും ക്രിയാത്മകമായ വഴികളും ഉപയോഗിക്കുന്നതിൽ തെറ്റില്ലെങ്കിലും, എന്നെ ആകുലപ്പെടുത്തുന്ന ചില കാര്യങ്ങൾ, മുൻപോട്ടുള്ള യാത്രയിൽ നമ്മുക്ക് ദൈവ രാജ്യത്തെക്കുറിച്ചുള്ള ലക്ഷ്യം നഷ്ടപെട്ടുപോകുമോ, ദൈവീക ആഴങ്ങൾ ഇല്ലാതെ പോകുമോ പകരം ജനത്തെ കൂട്ടിനിർത്തുന്ന വിപണനതന്ത്രങ്ങളിലും കച്ചവടസമർഥ്യങ്ങളിലും അകപെടുമോ എന്നുള്ളതാണ്. നമ്മുടെ വിശ്വാസത്തിന്റെ നായകനിലും പൂർത്തിവരുത്തുന്നവനിലും (എബ്രായർ 12:2) ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം നാം വ്യക്തികേന്ദ്രീകൃതമാവുകയാണ്.

ശുശ്രൂഷയിലെ നമ്മുടെ ഉദ്ദേശ്യങ്ങളിലും രീതികളിലും നാം കർശനമായി നീതിയുള്ളവരായിരിക്കണം. "*ശുശ്രൂഷെക്കു ആക്ഷേപം വരാതിരിക്കേണ്ടതിന്നു ഞങ്ങൾ ഒന്നിലും ഇടർച്ചെക്കു ഹേതു കൊടുക്കാതെ സകലത്തിലും ഞങ്ങളെത്തന്നേ ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാണിക്കുന്നു*" (2 കൊരിന്ത്യർ 6:3,4).

ദൈവത്തിന്റെ ശുശ്രൂഷകരെന്ന നിലയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ അമാനുഷിക പ്രകടനങ്ങളോടെ വചനം പ്രസംഗിക്കാൻ നമുക്ക് നമ്മുടെ വിളിയിൽ വിശ്വസ്തരായി നിലകൊള്ളാം. നമ്മൾ ഉപയോഗിക്കുന്ന മറ്റെല്ലാം ആളുകളുടെ ഹൃദയങ്ങളിലേക്ക് ഒരു പാലം നിർമ്മിക്കാൻ നമ്മെ സഹായിക്കാൻ മാത്രമായിരിക്കണം, പുരാതന അതിരുകൾക്ക് പകരമാകരുത്.

പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രകാശനത്തിലും സമ്പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം ശുശ്രൂഷിക്കാൻ APC പാസ്റ്റർമാരും ശുശ്രൂഷാ നേതാക്കളും പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗാത്മകമായ അവതരണങ്ങൾ, ഉജ്ജ്വലമായ ന്യായവാദങ്ങൾ, സമകാലിക ശുശ്രൂഷാ സാങ്കേതികതകൾ, അല്ലെങ്കിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യ എന്നിവയ്ക്ക് ഒരിക്കലും പരിശുദ്ധാത്മാവിന്റെ ശക്തിയിൽ അടയാളങ്ങളും അത്ഭുതങ്ങളും വീര്യപ്രവർത്തികളും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും വചനം പ്രഘോഷിക്കുന്ന ദൈവനിയോഗ സമീപനത്തിന് പകരം വയ്ക്കാൻ കഴിയില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു (1 കൊരിന്ത്യർ 2:4,5;

എബ്രായർ 2:3,4).

ഞങ്ങളുടെ വിഷയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം വചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ആളുകളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുസമാനതയുള്ള പക്വതയാണ്.

# 6
# സമർപ്പണത്തിനായുള്ള ആഹ്വാനം

- പുരാതന അതിരുകളാൽ ജീവിക്കാൻ സ്വയം സമർപ്പിക്കുക.
- നിങ്ങളുടെ അടിസ്ഥാനങ്ങൾ ദൈവത്തിലും അവന്റെ വചനത്തിലും ആഴത്തിൽ ഉണ്ടായിരിക്കാൻ സ്വയം സമർപ്പിക്കുക. ദൈവവും അവന്റെ വചനവും കാലാതീതമാണ്. ദൈവവചനം ആയിരിക്കണം നിങ്ങൾ എല്ലാറ്റിനേയും അളക്കുന്നതിന്റെയും, നിങ്ങളുടെ ജീവിതം എന്തിലെല്ലാം നിക്ഷേപിക്കാൻ തക്ക മൂല്യമുള്ളതാണോ എന്ന് നോക്കുകയും ചെയ്യുന്ന അളവുകോൽ; എല്ലാക്കാര്യങ്ങളും യഥാർത്ഥത്തിൽ ദൈവിക നിലവാരങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയാനുള്ള നിങ്ങളുടെ അളവുകോൽ; ശരിയും തെറ്റും തിരിച്ചറിയാൻ നിങ്ങൾ നോക്കുന്ന ലെൻസും ആയിരിക്കണം. വീശിയടിക്കുന്ന മാറ്റത്തിന്റെ കാറ്റ് പുരാതന അതിരുകളിൽ മാറ്റിക്കളയാൻ നമ്മെ ഇടയാകരുത്.
- മറികടക്കാൻ പാടില്ലാത്ത പവിത്രമായ അതിരുകളുണ്ടെന്ന് ഓർക്കുക. തുടർന്ന് കൊണ്ടുപോകേണ്ട ദൈവിക പാരമ്പര്യങ്ങളുമുണ്ട്.
- ഈ പുരാതന അതിരുകൾ "നിങ്ങളുടെ" ജീവിതത്തിലേക്ക് കൊണ്ടു വരാൻ സ്വയം സമർപ്പിക്കുക.
- ഉപയോഗപ്രദമായ മാറ്റത്തിന്റെ കാറ്റുമായി പൊരുത്തപ്പെടുകയും ക്രമീകരിക്കുകയും ചെയ്യുക. മറ്റെല്ലാ മേഖലകളിലും, പുരാതന അതിരുകളിൽ ജീവിക്കുക!
- പുരാതന അതിരുകൾ കൃത്യമായി കൈമാറുക.

ഇന്നത്തെ തലമുറയോടുള്ള എന്റെയൊരു അഭ്യർത്ഥന, ക്രിസ്തീയ ജീവിതം എന്താണെന്ന് കൃത്യമായി പ്രതിനിധീകരിക്കുന്ന രീതിയിൽ ജീവിക്കാനും സംസാരിക്കാനും പെരുമാറാനും സ്വയം സമർപ്പിക്കുക. നാം ജീവിക്കുന്ന ജീവിതമാണ് വരും തലമുറയ്ക്ക് നാം കൈമാറുന്ന സന്ദേശം. വരും തലമുറ പുരാതന അതിരുകൾക്കുള്ളിൽ

നിന്ന് വളരുന്നത് തുടരും എന്ന്  ഇന്നത്തെ തലമുറ ഉറപ്പാക്കണം. ഉല്പത്തിയുടെ പ്രമാണം ഇങ്ങനെ പ്രസ്താവിക്കുന്നു, നമ്മൾ നമ്മുടെ സ്വന്തം തരം തന്നെ ഉല്പാദിപ്പിക്കുന്നു—നമ്മൾ എന്താണോ അത് നാം ഉല്പാദിപ്പിക്കും.

അടുത്ത തലമുറയോട് സംസാരിക്കാനും അവരുടെ മനസ്സിലേക്ക് വർഷിക്കപ്പെടുന്ന  എല്ലാവിധ അറിവുകളെ കുറിച്ചുമുള്ള ശരിയും തെറ്റും വേർതിരിച്ചറിവാനും അവരെ പഠിപ്പിക്കാനും കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അടുത്ത തലമുറയോട് സംസാരിക്കാനും പുരാതന അതിരുകൾക്കുള്ളിൽ എങ്ങനെ ജീവിക്കണമെന്ന് അവരെ പഠിപ്പിക്കാനും കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. മത്സരത്തിന്റെ വാക്കുകളില്ലാതെയും (അബ്ശലോം ചെയ്ത അതേ തെറ്റ് ചെയ്യാതെ) അപക്വതയുടെ വാക്കുകളില്ലാതെയും (രെഹബെയാം ചെയ്ത അതേ തെറ്റ് ചെയ്യാതെ) കൈമാറപ്പെടുന്ന ദീപം എങ്ങനെ ശരിയായി സ്വീകരിക്കാമെന്ന് അടുത്ത തലമുറയെ പഠിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ നമ്മൾ, ഈ ഇന്നത്തെ തലമുറ, പുരാതന അതിരുകൾക്കുള്ളിൽ ജീവിക്കുകയാണെങ്കിൽ അവരുടെ പ്രതികരണങ്ങൾ നമ്മുടെ മാതൃകകളിലൂടെ രൂപപ്പെടുത്താൻ കഴിയുന്ന ഒന്നാണ്!

ദൈവത്തിൽ കൂടുതൽ ഉയരത്തിലും ആഴത്തിലും പോകുക, എന്നാൽ സ്ഥാപിച്ചിട്ടുള്ള പുരാതന അതിരുകൾ ലംഘിക്കരുത്!

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

**ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.**

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"*** **(റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക് ജീവനുള്ളവനായി

വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്രരാകുവാനുള്ള ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***"…. അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"* (അപൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"* (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

*പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപെടും എന്നാണ്.*

*ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം*

രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.

അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.

ആമേൻ.

# ഓൾ പീപ്പിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റു രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ചു വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തിൽ അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റു രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

# സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

# ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൌൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

**വെബ്സൈറ്റ്:** chrysalislife.org
**ഫോൺ:** +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
**ഇമെയിൽ:** counselor@chrysalislife.org

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

**അക്കൗണ്ടിന്റെ പേര്:** All Peoples Church
**അക്കൗണ്ട് നമ്പർ:** 50200068829058
**IFSC കോഡ്:** HDFC0004367
**ബാങ്ക്:** HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

***ദയവായി ശ്രദ്ധിക്കുക:*** *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.

**നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**


## DOWNLOAD THE FREE APP!

*Search for*

"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play




*A daily 5-minute video devotional.*
*A daily Bible reading and prayer guide.*
*5-minute Sermon summary.*
*Toolkit with Scriptures on various topics to build faith and information to share the Gospel.*
*Resources with sermons, sermon notes, TV programs, books, music and more.*

*IF YOU LOVE IT, TELL OTHERS ABOUT IT!*

# ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** കാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

"പുരാതന അതിരുകൾ "എന്നത് കുറച്ചുകാലമായി എന്റെ ഹൃദയത്തിൽ കൊണ്ടുനടന്ന ഒരു സന്ദേശമാണ്, ഈ പുസ്തകത്തിലൂടെ അത് ഞാനിപ്പോൾ നിങ്ങളുമായി പങ്കുവയ്ക്കുന്നു. ഈ സന്ദേശം എൻറെ അവസാന സന്ദേശങ്ങളിൽ ഞാൻ പ്രസംഗിക്കാൻ കരുതി വച്ച ഒന്ന് പോലെയാണ്, ഒരു ബാറ്റൺ ഒരു തലമുറയിൽ നിന്ന് ഓട്ടം തുടരുന്ന മറ്റൊരു തലമുറയിലേക്ക് കൈമാറുന്നതുപോലെയുള്ള നേരത്ത് കരുതിവച്ചത്.

ലോകം മാറുകയാണ്. ഇന്നലെകളിൽ പ്രയോജനപ്പെട്ടത് ഇന്ന് പ്രയോജനപ്പെടണം എന്നില്ല! പുതിയ ലോകത്തിന് അനുസൃതമായി നാം മാറേണ്ടതുണ്ട്. പുതിയ ലോകത്തിന്റെ സംസ്കാരത്തിന്റെ ഭാഗമായ പ്രതീകങ്ങളും ഭാഷയും ഉപയോഗിച്ച് നിത്യ സത്യങ്ങൾ അവതരിപ്പിക്കേണ്ടതുണ്ട്. എന്നാൽ അങ്ങനെ ചെയ്യുന്നതിൽ അപകടങ്ങളുണ്ട്, അത് നാം അറിഞ്ഞിരിക്കണം. നമുക്ക് സംസ്കാരത്തിൽ നിന്ന് വെറുതെ കാര്യങ്ങൾ എടുക്കാനും നിത്യമായ സത്യങ്ങൾ പങ്കുവെയ്ക്കാൻ ഉപയോഗിക്കാനും കഴിയില്ല പുതിയ ലോകത്തിന്റെ സംസ്കാരം ഉപയോഗിക്കാനും ഇടപഴകാനും ഉപയോഗിക്കാനുമുള്ള നമ്മുടെ ശ്രമത്തിൽ പുരാതന അതിരുകളിൽ നമുക്ക് വിട്ടുവീഴ്ച ചെയ്യാനാവില്ല.

ജീവിതത്തിലെ ചില കാറ്റുകൾക്ക് അനുസൃതമായി നമ്മുടെ യാത്രകളെ ഒരുക്കുകയും, കാറ്റിന്റെ ഗതിക്ക് അനുസരിച്ച് പോകേണ്ടത് ആവശ്യമാണ് അതല്ലെങ്കിൽ നാം പുറകിൽ ആയി പോവുകയും പുതിയ ലോകത്തിൽ നാം വേർപെട്ട് പോവുകയും ചെയ്യും. അതുപോലെ വിശുദ്ധമായ അതിരുകൾ മറി കടക്കാനും ദൈവിക പാരമ്പര്യങ്ങൾ നഷ്ടപ്പെടുത്താനും ഇടയാക്കുന്ന മറ്റൊരു ദിശയിലേക്ക് വീശുന്ന മാറ്റത്തിന്റെ ചില കാറ്റുകൾ ഉണ്ട്. പുരാതന അതിരുകൾ ഉപയോഗിച്ച് കൊടുങ്കാറ്റുകളിൽ നമ്മെ നങ്കൂരമിട്ടുകൊണ്ടു മാറ്റത്തിന്റെ ഈ കാറ്റുകളിലൂടെ സഞ്ചരിക്കാൻ നാം പഠിക്കണം.

**ബൈബിളിനൊപ്പം നിൽക്കുക.** ബൈബിൾ നമ്മുടെ പുരാതന അതിരാണ്!


**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org